KNANAYADEEPAM

# ക്നാനായ ദീപം

Vol: 35 / Issue: 12 December 2024 ₹:10/-





കേരള കൗൺസിൽ ഓഫ് ചർച്ചസ് (കെ.സി.സി.) ചിൽഡ്രൻസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഓതറ നസ്രേത്ത് ആശ്രമത്തിൽ വച്ച് നടത്തിയ 'സ്നേഹക്കൂട്ടം' ശിശുദിനദിനാഘോഷങ്ങളുടെ ജില്ലാതല ഉദ്ഘാടനം കെ.സി.സി. ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി. തോമസും കുട്ടികളും ചേർന്ന് നിർവഹിക്കുന്നു. ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. എബ്രഹാം തോട്ടത്തിൽ, കമ്മീഷൻ ചെയർമാൻ സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, റവ. ഫാ.വി.എ. എബ്രഹാം ഇളയശ്ശേരിൽ, റെജി പുളിക്കാവിൽ, റെജി പ്ലാനികുന്നേൽ, ലിനോജ് ചാക്കോ, റ്റിറ്റിൻ തേവരുമുറിയിൽ, ടിന്റു മാത്യു കുഞ്ഞുമോൻ ആലഞ്ചേരിൽതുടങ്ങിയവർ സമീപം.



ക്നാനായ കോൺഗ്രസ് പ്രതിനിധി സമ്മേളനവും, പ്രവർത്തന സമാപനവും ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു.

## സുവർണ ജൂബിലി സമാപനം



ക്നാനായ സമുദായത്തിന്റെ പ്രഥമ ദേവാലയമായ കോട്ടയം വലിയ പള്ളിയുടെ കുരിശുപള്ളിയായ പുല്ലരിക്കുന്ന് സെന്റ് ജോർജ് ക്നാനായ കുരിശുപള്ളിയുടെ സുവർണ ജൂബിലി സമാപന സമ്മേളനം അഡ്വ. ഫ്രാൻസിസ് ജോർജ്ജ് എം. പി. ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, റവ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, റവ. ഫാ. ബിബിൻ ബേബി തിരുനിലം, റവ. ഫാ. തോമസ് ജേക്കബ് ആഞ്ഞിലിമൂട്ടിൽ, ഷിനോ ജോസഫ് കല്ലൂർ തുണ്ടിയിൽ, വാർഡ് കൗൺസിലർ ബിജുകുമാർ, പള്ളി സെക്രട്ടറി ജേക്കബ് വർഗ്ഗീസ് കുന്നിൽ എന്നിവർ സമീപം.


## HOLIDAY RENTAL HOME



Holiday Rental Home (Short Stay)
in Thiruvalla

Easy access to town

*FACILITIES.*

Free WiFI- 2 Bedrooms with AC-
Kitchen and Pantry, Microwave,
Refrigerator, Washing Machine,
- CCTV Access

Location: 114 km from Nedumbasserry &
128 km from Thiruvananthapuram Airports.

Gisha Shaji.
Mb# +91 9446986780

Advt - O

# ക്നാനായ ദീപം

2024 ഡിസംബർ പുസ്തകം 35 ലക്കം 12

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

വികൃതിയും, വിരൂപവുമായ... 08
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

അഭിനന്ദനം ഒരൗഷധം 09
റ്റി.സി. തോമസ് തോപ്പിൽ

ചൊട്ടയിലെ ശീലം... 10
റ്റി.യു. ജോസ് തൈത്ര

കരിയർ ഗൈഡൻസ്... 19
സുനിൽ ഡി. കുരുവിള

ചില വിലപ്പെട്ട അറിവുകൾ 20
ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ

ഒരു ജീവിതം മാത്രം... 21
അമ്മാൾ രാജൻ പുളിമൂട്ടിൽ

സ്നേഹപ്പുഴ 22
മറിയാമ്മ ജേക്കബ് താഴ്ചയിൽ

കുപ്പയിലെ മാണിക്യം 24
സീമ ഷിന്റോ കന്നിയേൽ

ഏവൻഗേലിയോൻ ദീപം 25
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

28 DEIFICATION...
Fr. Bibin Baby, Thirunilam

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 ഈ സമുദായം എങ്ങോട്ട്
റജി ജേക്കബ് പുളിക്കാവിൽ

41 മല്പാനോട് ചോദിക്കാം

42 ഒരു ക്നാനായക്കാരന്റെ ദൗത്യം
പ്രൊഫ. എം. എ. എബ്രഹാം മണിമലേത്ത്, കോതമംഗലം

43 കാൽപ്പാടുകൾ - എബി

44 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan) Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

## കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക് 2024 ലെ ക്രിസ്തുമസ് മംഗളങ്ങൾ നേരുന്നു.

കർത്താവിൽ പ്രിയരെ,

ഒരു ക്രിസ്തുമസ് കൂടെ സമാഗതമാകുന്നു. ഭവനാങ്കണങ്ങളിൽ നക്ഷത്ര വിളക്കുകൾ ഉയർന്നു കഴിഞ്ഞു. കമനീയ ചിത്രങ്ങൾ അടങ്ങിയ ആശംസാ കാർഡുകൾ കടകളിൽ വില്പനയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു. അത് ഡിസംബർ മാസത്തിന്റെ ശീതളഛായയിൽ ലോകം എമ്പാടും ലോക സമാധാനത്തിനായി ബേത്‌ലഹേമിൽ അവതരിച്ച മനുഷ്യപുത്രന്റെ ജന്മദിനം കൊണ്ടാടുകയാണ്. അതോടൊപ്പം തന്നെ ഞങ്ങളും ഞങ്ങൾക്ക് മുമ്പുള്ള അനേകായിരം പത്രാധിപന്മാരും എത്ര എഴുതിയിട്ടും പുതുമ നശിക്കാത്ത ആ ദിവ്യ സന്ദേശത്തെക്കുറിച്ച് വീണ്ടും ഇതാ ഒരു ലേഖനംകൂടെ എഴുതുവാൻ അവസരം തന്ന കർത്താവിന് സ്തോത്രഗാനത്തോടുകൂടി നന്ദി കരേറ്റുന്നു.

അസമാധാനവും അസന്തുഷ്ടിയും നടമാടുന്ന ലോകത്തിൽ "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും" എന്ന ദൈവ പുത്രന്റെ സന്ദേശത്തിന് പ്രസക്തി നഷ്ടപ്പെട്ടുവോ. ഇമ്പങ്ങളുടെ പ്രവാചകന്മാർ വിധിയെഴുതി, കപടസന്യാസികൾ തുല്യം ചാർത്തി, വഴക്കുകൾകൊണ്ടും കേസുകൾ കൊണ്ടും സാക്ഷ്യം നഷ്ടപ്പെട്ട ക്രിസ്ത്യാനികൾ പരസ്യം നൽകി, നിരീശ്വരന്മാർ ഏറ്റുപാടിയപ്പോൾ പലരും വൃഥാ വ്യാമോഹിച്ചു സത്യം മരിച്ചു കഴിഞ്ഞു. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നമ്മേ തന്റെ ക്രൂശ് മരണത്താൽ പഴയ കയ്യെഴുത്തുകളേയും വിധികളേയും മായിച്ച് വിലക്കു വാങ്ങിയത് കാലത്തിന്റെ പഴക്കത്തിൽ കാലഹരണപ്പെട്ട പഴങ്കഥയായോ. ഇല്ല. ഒരിക്കലും ഇല്ല.

അർദ്ധരാത്രിയുടെ ആലസ്യത്തിൽ അനേകർ അഗാധ നിദ്രയിൽ ആണ്ടു കിടന്നപ്പോൾ ആട്ടിൻകൂട്ടത്തെ കാത്തുകൊണ്ട് വെളിപ്രദേശത്ത് ഉറക്കമിളച്ചിരുന്നവർക്ക് ആ സത്യം വെളിപ്പെട്ടു. ലോകത്തിന്റെ വിടുതലിനായി ഒരുക്കിയ അലൗകീക മാർഗ്ഗത്തിന്റെ ദൂതും അവർക്ക് അറിവായി വന്നു. വെളിപ്രദേശത്ത് അന്യപ്പെട്ട് പാർത്തിരുന്നവർക്കു മാത്രമല്ല. വിജ്ഞാനത്തിന്റെ ഉറവിടങ്ങളിൽ സകല ജ്ഞാനത്തിന്റെയും ഉറവയായവന്റെ ജനനത്തെക്കുറിച്ച് കൗതുകത്തോടെ അന്വേഷിച്ചിറങ്ങിയ കിഴക്കിന്റെ രാജാക്കന്മാർക്ക് ആകാലത്തിന്റെ കോണിൽ അതാ പ്രത്യക്ഷപ്പെടുന്ന ഒരു നക്ഷത്രം. കോടാനുകോടി നക്ഷത്രങ്ങൾക്കിടക്ക് സത്യം അന്വേഷിച്ചിറങ്ങിയവർക്ക് ഒരു നക്ഷത്രം വഴികാട്ടിയായി. അതേ പരമാർത്ഥികൾക്ക് ചക്രവാള സീമയിൽ ഇന്നും കാണാം തങ്ങൾക്കായി ഉദിച്ചുയർന്നിരിക്കുന്ന, തങ്ങളെ ദൈവീക സമാധാനത്തിലേക്കും, ദൈവീക ആരാധനയിലേക്കും നയിക്കുന്ന തേജോമയമായ ഒരു നക്ഷത്രം.

വയസ്സു ചെന്നവനാണെങ്കിലും കാത്തിരുന്ന ശിമോനും രാപ്പകൽ ആരാധന ചെയ്തുകൊണ്ട് ദൈവാലയം വിട്ടു പിരിയാതെ പാർത്ത ഹന്നായ്ക്കും കുറുപ്രാക്കളുമായി വരുന്ന പൈതൽ ലോകരക്ഷകനായ മിശിഹാ തന്നെയാണെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുമ്പോൾ നമുക്കുവേണ്ടി കാലിത്തൊഴുത്തിൽ പിറന്ന കർത്താവിന്റെ സന്ദേശം അത് അന്വേഷിക്കുന്നവർക്ക് ഒരിക്കലും മറവായിരുന്നിട്ടില്ല. അന്നും, ഇന്നും, എന്നും പക്ഷേ അറിഞ്ഞിട്ടും അറിഞ്ഞില്ലായെന്ന്




**അർദ്ധരാത്രിയുടെ ആലസ്യത്തിൽ അനേകർ അഗാധ നിദ്രയിൽ ആണ്ടു കിടന്നപ്പോൾ ആട്ടിൻകൂട്ടത്തെ കാത്തുകൊണ്ട് വെളിപ്രദേശത്ത് ഉറക്കമിളച്ചിരുന്നവർക്ക് ആ സത്യം വെളിപ്പെട്ടു. ലോകത്തിന്റെ വിടുതലിനായി ഒരുക്കിയ അലൗകീക മാർഗ്ഗത്തിന്റെ ദൂതും അവർക്ക് അറിവായി വന്നു.**

നടിക്കുന്നവർക്ക്; അറിഞ്ഞ സത്യം മനപ്പൂർവ്വം വിട്ടു കളയുന്നവർക്കും, അതിലുപരി സത്യത്തെ തങ്ങളുടെ ആദായ മാർഗ്ഗമായി കോട്ടിക്കളയുവാൻ പരിശ്രമിക്കുന്നവർക്കും കൂടുതൽ കുറ്റമുണ്ട്. അവർക്ക് മുൻപിൽ സ്വന്തം സിംഹാസനമുറപ്പിക്കുവാൻ നാടൊട്ടുക്ക് ശിശുഹത്യ നടത്തിയ ഹേരോദാവും, യോഹന്നാൻ സ്നാപകന്റെ തല താലത്തിൽ വാങ്ങിയ ശലോമിയും, കുന്നും മലകളും നീക്കി കല്ലും മുള്ളും മാറ്റി കിടങ്ങുകളും താഴ്‌വരകളും നികത്തി യോഹന്നാൻ ഒരുക്കിയ പാതയിൽ അസൂയയുടെയും, ഐക്യമില്ലായ്മയുടെയും, അധികാര മോഹങ്ങളുടെയും, അസമാധാനത്തിന്റെയും, ഞെരിഞ്ഞിലുകൾ വിതക്കുന്നവർ മഹാപുരോഹിതന്മാരായാലും പുരോഹിതന്മാരായാലും സുവിശേഷകർ ആയാലും മഹാപുരോഹിതനായ കയ്യാഫാസിനേക്കാളും പീലാത്തോസിനേക്കാളും അധമന്മാരെന്നുവേണം പറയുവാൻ.

കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തിട്ട് നേടിയ വെള്ളിക്കാശ് യൂദാക്ക് ഗുണകരമായി വന്നില്ലെന്ന യാഥാർത്ഥ്യം ഗ്രഹിക്കാതെ, മനുഷ്യപുത്രനായി വന്ന ദൈവത്തെ ഇന്നും തീറെഴുതുന്നവർക്ക്, പിന്നെയും ബുദ്ധിയുദിക്കുവാനായി, ദൈവം തന്നെ ക്ഷമ കാണിച്ച് ആയുസിന്റെ ദൈർഘ്യം വർദ്ധിപ്പിച്ച് നൽകിയതിനാൽ മാത്രം ഒരു ക്രിസ്മസ്കൂടി ആഘോഷിക്കുവാൻ ജീവിതം ശേഷിച്ചു എന്നറിഞ്ഞ് 2024 ലെ ക്രിസ്തുമസിൽ അതിന്റെ യഥാർ ത്ഥ സന്ദേശം കണ്ടെത്താനായിരുന്നെങ്കിൽ സഭയിൽ ഐക്യം താനെ ഉണ്ടാവുമായിരുന്നു. ദൈവാലയത്തിൽ ആരാധന കൂടുതൽ സന്തോഷകരമാകുമായിരുന്നു. സുവിശേഷം കൂടുതൽ ഫലപ്രദമായി ഘോഷിക്കപ്പെടുമായിരുന്നു. സത്യം അറിയാത്തവർ അനേകർ സ്വതന്ത്രരാകുമായിരുന്നു. എല്ലാം നമ്മേ, നമ്മുടെ മനോഭാവത്തെ, നമ്മുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. അറിഞ്ഞനുഷ്ടിച്ചാൽ നന്മയും ഇല്ലാ എങ്കിൽ തിന്മയും നമുക്കു തന്നെ, തീരുമാനം എടുക്കുക.

ദൈവം അനുഗ്രഹിക്കട്ടെ

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**2024** വർഷത്തിന്റെ അവസാന മാസത്തിൽ ദൈവം നമ്മെ എത്തിച്ചു. എത്ര വേഗമാണ് നമ്മുടെ ജീവിതയാത്ര തുടരുന്നത്. പ്രതിസന്ധികളുടെ നടുവിലും ദൈവകൃപ അനുഭവിച്ച് മുന്നേറുവാൻ ദൈവം ഇടയാക്കുന്നു. ചില ദിവസങ്ങൾ പിന്നിടുമ്പോൾ ഒരു നവ വർഷത്തിലേക്ക് നാം പ്രവേശിക്കുന്നു. ദൈവം നടത്തിയ വഴികളെ സ്മരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാനും, കഴിഞ്ഞ കാലങ്ങളിൽ വന്നുപോയ തെറ്റുകളെക്കുറിച്ച് അനുതപിക്കുവാനും ഒരു നവജീവിതത്തിലേക്ക് പ്രവേശിക്കുവാനും നമുക്ക് ഇടയാകണം. നമുക്ക് ദൈവദാനമായി ലഭ്യമാകുന്ന ജീവിതത്തിന്റെ ഓരോ ഇലകളും കൊഴിഞ്ഞുവീണുകൊണ്ടിരിക്കുകയാണെന്നുള്ള തിരിച്ചറിവ്, നമ്മെ രൂപാന്തരത്തിലേക്കും ദൈവസന്നിധിയിൽ വിശ്വാസ തീക്ഷ്ണതയിലേക്കും, വിശുദ്ധിയുടെ നിറവിലേക്കും നയിക്കുവാൻ ഇടയാകണം.

വീണ്ടും ഒരു ക്രിസ്തുമസ് കൂടി ആഗതമായിരിക്കുന്നു. എവിടെയും ക്രിസ്തുമസ്സിന്റെ ആരവങ്ങളും ഒരുക്കങ്ങളും കാണാൻ സാധിക്കുന്നു. അലങ്കാരങ്ങളും, കരോളുകളും, കേക്കുകളും മാത്രമാകാതെ ക്രിസ്തു നമ്മിൽ ജനിക്കുന്ന അനുഭവമാണ് ഉണ്ടാകേണ്ടത്. ക്രിസ്തു ജനിക്കുവാൻ ഇടയായാൽ ഒരു ദുഷ്ടതയും പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കില്ല. രക്ഷകനായി ഭൂവിൽ അവതരിച്ച യേശുവിനെ നമ്മുടെ ജീവിതത്തിലേക്കും ക്ഷണിക്കേണ്ടതുണ്ട്. യേശുവിന്റെ വളർത്തപ്പനായ യോസേഫിനെ ധ്യാനിക്കുമ്പോൾ നല്ല ചില ജീവിതമാതൃകകൾ അദ്ദേഹം അവശേഷിപ്പിച്ചിട്ടുണ്ട്. നീതിമാനായ യൗസേഫ് എന്നാണ് യൗസേഫ് അറിയപ്പെടുന്നത്. മറിയക്ക് അർഹിക്കുന്ന സ്ഥാനം കൊടുക്കുവാനും യൗസേഫിന് സാധിക്കുന്നു. ഈഗോയോ, മറ്റുള്ളവർ തന്നെക്കുറിച്ച് എന്ത് വിചാരിക്കുമെന്നോ അല്ല. യൗസേഫ് ചിന്തിക്കുന്നത്, മറ്റുള്ളവരെ എങ്ങനെ വില മതിക്കാം എന്നതാണ്. മറ്റുള്ളവർ തനിക്ക് എങ്ങനെ പ്രയോജനമെന്നതല്ല തനിക്ക് എങ്ങനെ മറ്റുള്ളവർക്ക് പ്രയോജനം ആകാം എന്നതാണ് അദ്ദേഹത്തിന്റെ മുമ്പിലുള്ള ചിന്ത. അതിനുവേണ്ടി താൻ നഷ്ടം അനുഭവിച്ചാലും അതെല്ലാം നിസ്സാരം എന്ന മനോഭാവമാണ് യൗസേഫിനെ നീതിമാനാക്കുന്നത്. നമ്മുക്കും ഈ കിസ്തുമസ്സ് കാലത്ത് മറ്റുള്ളവർ അർഹിക്കുന്ന അംഗീകാരവും, അവരുടെ പ്രാധാന്യവും, അവരുടെ വ്യക്തിത്വവും ഉൾക്കൊണ്ട് അവരെ കരുതുന്നവരായിത്തീരാൻ ശ്രമിക്കാം.

ക്നാനായ വനിതാസമാജത്തിന്റെ ആഗോള വാർഷികം ഏറ്റവും അനുഗ്രഹകരമായി തുരുത്തിക്കാട് പള്ളിയിൽ നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആളുകളുടെ സാന്നിദ്ധ്യവും, ക്രമീകരണങ്ങളുടെ മികവും അതിനെ ശ്രേഷ്ഠമാക്കിത്തീർത്തു. വനിതാസമാജം കേന്ദ്ര, മേഖല തലത്തിൽ അതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചിരുന്നു. അതിന്റെ നടത്തിപ്പുകാരായിരുന്ന കേന്ദ്രമേഖല വനിതാസമാജത്തോടൊപ്പം, അവിടുത്തെ ഇടവക നിർവാഹക സമിതിയും, അസോസിയേഷൻ അംഗങ്ങളും ഇടവക ജനവും, വികാരിയും ഒന്നിച്ച് ഇതിന്റെ അനുഗ്രഹകരമായ നടത്തിപ്പിനുവേണ്ടി അക്ഷീണം പ്രവർത്തിച്ചു ഇതിന്റെ നടത്തിപ്പിനുവേണ്ടി പ്രവർത്തിച്ച എല്ലാവരേയും അനുമോദിക്കുന്നു. അവിടെനിന്നും ലഭിച്ച വചനങ്ങൾ നമ്മെ രൂപാന്തരപ്പെടുത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഓതറ നസ്രേത്ത് ആശ്രമത്തിലെ ചാപ്പലിന്റെ പെരുന്നാൾ കഴിഞ്ഞ മാസം ഏറെ അനുഗ്രഹമായി നടത്തപ്പെട്ടു. ആയതിലുള്ള സന്തോഷം പ്രത്യേകമായി അറിയിക്കട്ടെ. നമ്മുടെ ചാരിറ്റി പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നത് ആശ്രമത്തിലൂടെയാണ്. അവിടുത്തെ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകണം. വിവിധ സ്പോൺസർഷിപ്പും, ഫീസ്റ്റുകളും നടത്തി അതിനോട് സഹകരിക്കണമെ.

നമ്മുടെ മുംബൈ പള്ളിയുടെ പെരുന്നാളിൽ എനിക്ക് സംബന്ധിക്കുവാൻ സാധിച്ചു. കേരളത്തിന് പുറത്തുള്ള നമ്മുടെ ഒരു ദൈവാലയം ആകുന്നുവല്ലോ അത്. പെരുന്നാളിന്റെ ശുശ്രൂഷകളെല്ലാം അനുഗ്രഹമായിരുന്നു. അവിടെയുള്ള നമ്മുടെ ആളുകൾക്ക് സമുദായത്തോടുള്ള സ്നേഹം അവിടെയും ദർശിക്കുവാൻ സാധിച്ചു. ക്നാനായ തനിമ കാത്തുസൂക്ഷിക്കുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുമ്പോൾ തന്നെ പെരുന്നാളിനുവേണ്ടി പരിശ്രമിച്ച വികാരി അച്ചൻ, ഇടവക ഭാരവാഹികൾ, കമ്മിറ്റി അംഗങ്ങൾ, അസോസിയേഷൻ അംഗങ്ങൾ, ഇടവക ജനം മുഴുവനെയും നന്ദിയോടെ സ്മരിക്കുന്നു. 2024 നവംബർ 20, 21 തീയതികളിലായി സീറോ മലബാർ എക്യുമെനിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അരുവിത്തുറ മോർ ഗീവർഗീസ് സഹദാ ഫെറോന പള്ളിയിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിച്ചു. എക്യൂമെനിക്കൽ വേദി

(ശേഷം പേജ് 8-ൽ)

# സമുദായ വാർത്തകൾ



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

2024 കഴിഞ്ഞ് 2025 പുതുവർഷത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. ഈ റ്റേമിലെ ക്നാനായ സമുദായ ഭരണസമിതി അധികാരം ഏറ്റിട്ട് ഒരു വർഷം പൂർത്തീകരിക്കുന്ന ഈ അവസരത്തിൽ ഒരു തിരിഞ്ഞുനോട്ടം നമുക്ക് ആവശ്യമാണ്.

2023 ഒക്ടോബറിൽ സമുദായത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നപ്പോൾ ഏറ്റവും വലിയ ഒരു വെല്ലുവിളി നേരിട്ടത് മുൻ ഭരണസമിതി വരുത്തിവെച്ച നെല്ലിക്കൽ വസ്തുവിന്റെ 150 ലക്ഷം രൂപായുടെ കടബാധ്യതയാണ്. 2018 മുതൽ പലിശ അടച്ച് വരികയായിരുന്നു. എന്നാൽ പെട്ടെന്ന് ബാങ്ക് അക്കൗണ്ട് എൻ.പി.എ. ആകുകയും ആ വസ്തു ജപ്തി ചെയ്യുന്നതിനുള്ള നടപടിയിലേക്ക് പോവുകയും ചെയ്തു. ഭരണസമിതി ബാങ്കിന്റെ ഹെഡ് ഓഫീസുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വൺ ടൈം സെറ്റിൽമെന്റിലൂടെ തിരികെ അടക്കുകയാണെങ്കിൽ 15 ലക്ഷം രൂപ ഇളവ് തരാമെന്ന് അറിയിച്ചു. 2023 ഡിസംബർ 31 ന് മുമ്പായി പണമടച്ച് തീർക്കണം എന്ന് വ്യവസ്ഥയും വച്ചു. അതിൻപ്രകാരം സമുദായത്തിലും എല്ലാ സ്ഥാപനങ്ങളിലും ഉണ്ടായിരുന്ന മുഴുവൻ പണവും ശേഖരിച്ച് ഒരു കോടി 15 ലക്ഷം രൂപ കഴിഞ്ഞ ഡിസംബർ 31 ന് ബാങ്കിൽ അടച്ചു നെല്ലിക്കലെ വസ്തുവിന്റെ ആധാരം ബാങ്കിൽ നിന്നും തിരികെ വാങ്ങി. ഇത് സമുദായത്തിന് സാമ്പത്തികമായി വലിയ ഞെരുക്കം ഉണ്ടാക്കി. എല്ലാ വികസന പ്രവർത്തനങ്ങളും മന്ദഗതിയിലായി, എന്നാൽ അതിൽനിന്നും ഇപ്പോൾ മോചനം ഉണ്ടായതിൽ ദൈവത്തെ സ്തുതിക്കുന്നു.

പിന്നെ 2024 – ൽ സമുദായത്തിന് ഉണ്ടായ ഒരു ദുഃഖകരമായ അവസ്ഥ അമേരിക്കയിൽ മുടങ്ങിക്കിടന്ന ദൈവാലയങ്ങളിൽ അവരുടെ ആവശ്യപ്രകാരം സമുദായ മെത്രാപ്പോലീത്ത ആരാധന നടത്തുന്നതിന് രണ്ട് വൈദികരെ നിയമിച്ചതിനാലും, ക്നാനായ ഭരണഘടനയിൽ ചെറിയ ഭേദഗതി കൊണ്ടുവന്ന് ക്നാനായ അസോസിയേഷൻ കൂടുന്നതിനു വേണ്ടി നോട്ടീസ് അയച്ചപ്പോൾ, അസോസിയേഷൻ കൂടാൻ പാടില്ല എന്ന് സഹായ മെത്രാന്മാർ പരി.പാത്രിയർക്കീസ് ബാവായ്ക്ക് പെറ്റീഷൻ കൊടുക്കുകയും, അത് അനുസരിച്ച് ക്നാനായ അസോസിയേഷൻ കൂടുന്നതിൽനിന്നും സമുദായമെത്രാപ്പോലീത്താ കൊടുത്ത അനുവാദം പിൻവലിക്കണമെന്ന് പരി.പാത്രിയർക്കീസ് ബാവയെകൊണ്ട് കല്പന ഇടുവിക്കുകയും, ഭരണഘടന പ്രകാരം സമുദായത്തിന് മുന്നോട്ട് പോകണമെന്ന് സമുദായ മെത്രാപ്പോലിത്താ മറുപടി കൊടുത്തുകൊണ്ട് അന്ത്യോഖ്യ സിംഹാസനവുമായി ബന്ധപ്പെട്ട ഒരു കാര്യവും ഭരണഘടനയിൽ അമന്റ് ചെയ്യുകയില്ലായെന്ന് രേഖാ മൂലവും, വീഡിയോ കോൺഫറൻസിൽ കൂടിയും പരി. ബാവായെ അറിയിക്കുകയും അത് പരി. ബാവ സമ്മതിക്കുകയും ചെയ്തതാണ്.

എന്നാൽ സഹായ മെത്രാന്മാരുടെ ഇട പെടൽമൂലം പിറ്റേ ദിവസം സമുദായ മെത്രാപ്പോലീത്തായെ പരി. ബാവ സസ്പെന്റ് ചെയ്യുകയും, അന്നുതന്നെ സഹായ മെത്രാൻ ഗ്രീഗോറിയോസ് തിരുമേനി സമുദായ മെത്രാനായി സ്വയം ചാർജ് എടുത്തെന്ന് കല്പന ഇറക്കുകയും ക്നാനായ അസോസിയേഷൻ കൂടുന്നത് വിലക്കിക്കൊണ്ട് കല്പന ഇറക്കുകയും ചെയ്തു.

ഈ ഭരണഘടന വിരുദ്ധമായ കാര്യങ്ങൾക്ക് എതിരെ സമുദായ സ്നേഹികൾ കോട്ടയം കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, പരി. ബാവായുടെ കല്പന കോടതി താൽക്കാലികമായി സ്റ്റേ ചെയ്യുകയും, വിശദമായ വാദങ്ങൾക്കുശേഷം മൂന്നു മാസം കഴിഞ്ഞ് സ്റ്റേ സ്ഥിരപ്പെടുത്തി ഏതാണ്ട് 72 പേജുള്ള വിധി പുറപ്പെടുവിച്ചു. സമുദായത്തിലെ എല്ലാ പ്രതിസന്ധികൾക്കും പരിഹാരം ഉണ്ടാക്കിയ ഒരു ചരിത്രവിധിയാണ് കോടതിയിൽ നിന്ന് ലഭിച്ചത്.

ഇതിനിടയിൽ ക്നാനായ അസോസിയേഷൻ കൂടി സമുദായത്തിലെ മേഖലകൾ പിരിച്ചുവിടുവാൻ തീരുമാനമെടുക്കുകയും, അതിന്റെ വെളിച്ചത്തിൽ സമുദായ മെത്രാപ്പോലീത്ത കല്പനമൂലം ദൈവാലയങ്ങളെ അറിയിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തു. ഈ കല്പനക്കെതിരെ ബഹു. കേരള ഹൈക്കോടതയിൽ സഹായ മെത്രാന്മാർ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. അതുപോലെ മുൻസിഫ് കോടതിയുടെ വിധിക്ക് എതിരെ ജില്ലാ കോടതിയിലും അപ്പിൽ ഫയൽ ചെയ്തിരിക്കുകയാണ്. ആയതിന്റെ അർഗ്യുമെന്റസ് നടന്നു കൊണ്ടിരിക്കുന്നു.

2024 ഉണ്ടായ ഒരു ചരിത്ര സംഭവമാണ് ക്നാനായ സമുദായ മെത്രാപ്പോലീത്തായെ അകാരണമായി 2024 മെയ്മാസം 17–ാം തീയതി പരി. ബാവാ സസ്പെന്റ് ചെയ്തപ്പോൾ അതിന് എതിരെ മെയ്മാസം 19–ാം തീയതി മോർ അപ്രേം സെമിനാരിയിൽ പതിനായിരക്കണക്കിന് സമുദായജനം തടിച്ചുകൂടി. സമുദായ മെത്രാപ്പോലീത്തായ്ക്കും സമുദായത്തിനും ഐക്യദാർഢ്യം പ്രകടിപ്പിച്ചതും ഒരു ചരിത്രസംഭവമായി നിലനിൽക്കുന്നു.

പിന്നെ 2024–ൽ സമുദായത്തിൽ ഉണ്ടായ ഒരു വലിയ പ്രതിസന്ധിയാണ് കേസുകൾ ഏതാണ്ട് 72 കേസുകൾ ഇപ്പോൾ മുൻസിഫ് കോടതിയിലും ജില്ലാ കോടതിയിലും ഹൈക്കോടതിയിലുമായി നടക്കുന്നു. സമുദായത്തിനെതിരായി കൊടുത്ത കേസുകളിൽ എല്ലാം ദൈവത്തിന്റെ കരുണയാൽ വലിയ വിജയം സമുദായത്തിന് ലഭിക്കുകയുണ്ടായി.

ഈ പ്രതിസന്ധികൾക്ക് ഇടയിലും ഞങ്ങൾ ഞങ്ങളുടെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്. ഇപ്പോൾ വികസന പ്രവർത്തനങ്ങളുടെ ഒരു മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്.

റാന്നി മോതിര വയലിൽ സാധുക്കൾക്കുവേണ്ടി ഭവനങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഒരു ഭവനം പൂർത്തിയായി. അതുപോലെ തോട്ടക്കാട്ട് കോളേജിന്റെ പണികൾ പുനരാരംഭിച്ചു. വലിയ വേഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു. അടുത്തവർഷം കോളേജിൽ കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കും.

അതുപോലെതന്നെ നെല്ലിക്കൽ അടുത്തവർഷം റിട്ടയർമെന്റ് ഹോം പണി ആരംഭിക്കുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. ചിങ്ങവനത്ത് പുതിയ ബുക്ക് സ്റ്റോൾ ആരംഭിച്ചു. കുറിച്ചിയിൽ ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി (KIMT) ആരംഭിച്ചു കഴിഞ്ഞു.

2024 മെറിറ്റ് അവാർഡ് ഭംഗിയായി നടത്തുവാൻ സാധിച്ചു. വിവിധ മേഖലയിൽ പ്രതിഭ തെളിയിച്ചവർ ഉൾപ്പെടെ 500-ൽ പരം വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് വിതരണം ചെയ്തു. 2024 ഡിസംബർ മാസം 27,28 തീയതികളിൽ സമുദായ അടിസ്ഥാനത്തിൽ ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തുകയാണ്, എല്ലാ ദൈവാലയങ്ങളിൽ നിന്നും രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നു.

ഡിസംബർ മാസം 1-ാം തീയതി സമുദായം വക വള്ളംകുളം ബേദ്നഹറിനിൽ ശ്രേഷ്ഠ കാതോലിക്കാബാവ അനുസ്മരണം എന്ന പേരിൽ ഏതാണ്ട് 200-ൽ താഴെ ആളുകൾ കൂടി ഒരു മീറ്റിംഗ് നടത്തിയതായി അറിയുവാൻ കഴിഞ്ഞു.

എന്നാൽ ശ്രേഷ്ഠ ബാവായുടെ അനുസ്മരണത്തിന് പകരം സമുദായത്തിനും സമുദായ മെത്രാപ്പോലീത്തായ്ക്കും എതിരായി ഗ്രൂപ്പ് മീറ്റിംഗ് ആണ് അവിടെ നടന്നത്. നോട്ടീസിൽ പേരുണ്ടായിരുന്നത് ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്നാനായ കമ്മിറ്റി ഒരു കത്ത് യാക്കോബായ സഭ മെത്രാപ്പോലീത്തൻ ട്രസ്റ്റി അഭി. ജോസഫ് മോർ ഗ്രിഗോറിയോ സ് തിരുമേനിക്ക് അയച്ചതിന്റെ ഫലമായി നോട്ടീസിൽ പേരുണ്ടായിരുന്ന യാക്കോബായ സഭയിലെ മെത്രാച്ചനോ, വൈദിക ട്രസ്റ്റിയോ പങ്കെടുത്തില്ലാ എന്നത് യാക്കോബായ സഭയുടെ മാന്യതയായി നമ്മൾ കണക്കാക്കണം. ഒരു സഭയും മറ്റു സഭകളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുകയില്ല എന്നുള്ളത് ക്രൈസ്തവ സഭകളുടെ വ്യക്തിത്വത്തെ കാണിക്കുന്നു.

ക്നാനായ കോൺഗ്രസ് കേന്ദ്ര ഇലക്ഷൻ 2025 ജനുവരി മാസം 26-ാം തീയതി ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ നടത്തുന്നതായിരിക്കും.

വനിതാ സമാജത്തിന്റെ വാർഷിക സമ്മേളനം തുരുത്തിക്കാട് സെന്റ് ജോൺസ് ദൈവാലയത്തിൽ വച്ച് വിപുലമായി നടത്തുകയുണ്ടായി. അതിൽ സംബന്ധിച്ച സമുദായത്തിലെ എല്ലാ വനിതാ സമാജം പ്രവർത്തകർക്കും ഹൃദയംഗമായ നന്ദി അറിയിക്കുന്നു.

അധികം താമസിക്കാതെ തന്നെ കെ.വൈ.എ. യുടെ (സ്റ്റുഡൻസ് അസോസിയേഷൻ) ദൈവാലയത്തിലെ ഇലക്ഷനും തുടർന്ന് കേന്ദ്ര ഇലക്ഷനും നടത്തുന്നതായിരിക്കും.

2024 പൂർത്തിയായിരിക്കുകയാണ് ഇനിയും അടുത്ത സമുദായ വാർത്ത 2025 ജനുവരി മാസം ആയിരിക്കും ദീപത്തിൽ പ്രസിദ്ധീകരിക്കുന്നത്. കഴിഞ്ഞ ഒരു വർഷം സമുദായ വാർത്ത വായിച്ചവർക്കും, സമുദായത്തിനുവേണ്ടി പ്രാർത്ഥിച്ചവർക്കും, സമുദായ സ്നേഹികൾക്കും, ദൈവത്തിന്റെ അദൃശ്യമായ കൃപ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ ഒരു വർഷം നമ്മെ നടത്തിയ ദൈവത്തെ സ്തുതിച്ചുകൊണ്ട് 2025 പുതുവർഷത്തെ വരവേൽക്കുവാൻ ഒരുങ്ങുകയാണല്ലോ. 2025 പുതുവർഷം നമ്മുടെ സമുദായത്തിന് ഐശ്വര്യത്തിന്റെയും, സമാധാനത്തിന്റെയും വർഷമായി തീരുവാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.

2024 ലെ ക്രിസ്തുമസ് പുതിയ പ്രതീക്ഷകളും ധാരാളം വിജയങ്ങളും അതിന്റെ ആഘോഷങ്ങളോടൊപ്പം അനുഗ്രഹങ്ങളും നൽകുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ ജനനം മനുഷ്യരാശിയുടെ പ്രത്യാശയുടെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമായിരുന്നു. എല്ലാ സമുദായ അംഗങ്ങൾക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേരുന്നു.

സമുദായ സെക്രട്ടി

**റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ**

# പുല്ലരിക്കുന്ന് സെന്റ് ജോർജ് ക്നാനായ കുരിശുപള്ളിയുടെ സുവർണ്ണ ജൂബിലി സമാപനം

ക്നാനായ സമുദായത്തിന്റെ പ്രഥമ ദൈവാലയമായ കോട്ടയം വലിയപള്ളിയുടെ കുരിശുപള്ളിയായ പുല്ലരിക്കുന്ന് സെന്റ് ജോർജ് ക്നാനായ കുരിശുപള്ളിയുടെ സുവർണ്ണ ജൂബിലി സമാപനം നവംബർ 9,10 തീയതികളിൽ നടത്തപ്പെട്ടു. നവംബർ 9 ശനിയാഴ്ച കോട്ടയം വലിയപള്ളിയിൽ നിന്നും പുല്ലരിക്കുന്നിലേയ്ക്ക് ദീപശിഖ, പതാകപ്രയാണം നടന്നു. നവംബർ 10 ഞായറാഴ്ച ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. അഭി. സമുദായ വലിയമെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സുവർണ്ണ ജൂബിലി സമാപന സമ്മേളനം അഡ്വ. ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്തു. കോട്ടയം വലിയപള്ളി വികാരി റവ.ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ.ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, പ്രീസ്റ്റ് ഇൻ ചാർജ് റവ. ഫാ. ബിബിൻ ബേബി തിരുനിലം, റവ.ഫാ. തോമസ് ജേക്കബ് ആഞ്ഞിലിമൂട്ടിൽ, ജൂബിലി കൺവീനർ ഷിനോ ജോസഫ് കല്ലൂർതുണ്ടിയിൽ, വാർഡ് കൗൺസിലർ ബിജു കുമാർ, പള്ളി സെക്രട്ടറി ജേക്കബ് വർഗീസ് കുന്നിൽ എന്നിവർ പ്രസംഗിച്ചു.

# വികൃതിയും, വിരൂപവുമായ മനുഷ്യ പ്രകൃതിയും, രൂപവും

ഫാ. ആൻഡ്രൂസ്, കടപ്പനങ്ങാട്ട്, റാന്നി, 9495184701

ആദിമ മാതാപിതാക്കന്മാരുടെ കല്പന ലംഘനത്താൽ പാപം പറുദീസായിൽ പ്രവേശിച്ചു. തന്മൂലം പറുദീസായിൽനിന്നും പുറത്താക്കപ്പെട്ട ആദമിലൂടെ മനുഷ്യപ്രകൃതിയ്ക്ക് ദൈവ തേജസ്സും, ചൈതന്യവും നഷ്ടപ്പെട്ടു. മനുഷ്യനിലെ അധമാംശം ഉത്തമാംശത്തിനെതിരെ പടയൊരുക്കം ആരംഭിച്ചു. അത് ഇന്നും തുടരുന്നു. അതിനാൽ മനുഷ്യനിലെ മനുഷ്യത്വത്തിനും, മാനവികതയ്ക്കും മങ്ങൽ ഏറ്റു.

മനുഷ്യന് ദൈവതേജസ്സും, ചൈതന്യവും നല്കുന്ന പ്രകൃത്യതീതമായ ദിവ്യദാനമാണ് ദൈവവരപ്രസാദം. കല്പന ലംഘനത്താൽ അതു നഷ്ടപ്പെടുത്തിയ മനുഷ്യൻ പിന്നീട് പാപത്തിൽ ഉരുവാകുകയും, ജനിയ്ക്കുകയും ചെയ്യുന്നു. ഇതു വ്യക്തിഗതമായ പാപമല്ലെങ്കിലും പ്രകൃതിസഹജമായ ഒരു സ്വഭാവിക പാപം മാത്രമാണ്.

ആദാമിന്റെ വ്യക്തപരമായ വീഴ്ച മനുഷ്യവർഗ്ഗത്തെ സമൂലം പാപപങ്കിലമാക്കിത്തീർത്തു. മനുഷ്യകുലത്തിന്റെ ആരംഭമാകുന്ന ആദാമിന്റെ അധ:പതനം, പിന്നീടങ്ങോട്ട് മനുഷ്യകുലം മുഴുവൻ പാപത്തിൽ ഉരുവായി ജനിയ്ക്കുന്ന അവസ്ഥ സംജാതമായി. ഇങ്ങനെ ആദിമമാതാപിതാക്കന്മാരുടെ പാപംമൂലം മനുഷ്യൻ ദൈവ പ്രസാദവരവും, സ്വഭാവശുദ്ധിയും നഷ്ടപ്പെട്ടും മരണത്തിനു വിധേയരായും ജനിക്കുന്നു.

ആദിമ പാപം സ്വഭാവികമായി മനുഷ്യ സ്വഭാവത്തെ മുഴുവനായി ബാധിച്ച തിന്മയാണ്. ഇത് ഒരാളുടെ സ്വന്തയിഷ്ടത്തിനു വിധേയപ്പെട്ടുള്ള പ്രവർത്തനഫലമായി സ്വായത്തമായതല്ല. ഇതു നമ്മെ ദൈവത്തിൽനിന്നും അകറ്റി നിർത്തുന്നുയെങ്കിലും, സൃഷ്ടവസ്തുക്കളിൽ അമിതമായി അഭയം പ്രാപിക്കുവാൻ പ്രേരിപ്പിക്കുന്നില്ല.

ആദിപാപം മൂലം ദൈവവരപ്രസാദം മാത്രമല്ല, മറ്റെല്ലാ സൽഗുണങ്ങളും, ദൈവീക ദാനങ്ങളും മനുഷ്യനു നഷ്ടപ്പെട്ടു. കൂടാതെ പുത്രത്വത്തിന്റെ അവകാശവും, സ്വർഗ്ഗീയ അവകാശവും നഷ്ടമായി. അവനിൽ സംക്ഷിപ്തമായ സ്വഭാവാതീത ദാനങ്ങളും എടുത്തുമാറ്റി. മനുഷ്യൻ അധമമായ പ്രകൃതിയ്ക്കും, പ്രവർത്തനങ്ങൾക്കും, മരണത്തിനും, ദുരിതങ്ങൾക്കും അധീനനായി. പ്രതിയോഗിയായ പിശാചിന്റെ അടിമയായി തീർന്നു. ഇങ്ങനെ മനുഷ്യ പ്രകൃതി വികൃതവും, മനുഷ്യ രൂപം വിരൂപമായി തീർന്നു. മനുഷ്യന്റെ സ്വാഭാവിക ശക്തിയും, ബലവും അർദ്ധ പ്രാണാവസ്ഥയിലേക്ക് നിപതിച്ചു. അവനെ വ്യത്യസ്തനാക്കുന്ന അവന്റെ ബുദ്ധിയും, യുക്തിയും, മനസ്സും, ഹൃദ യവും ബലഹീനതയിലായി. അജ്ഞത അവനെ ആവരണം ചെയ്തു. ബുദ്ധിയുടെ കൂർമ്മത കുറഞ്ഞു, സത്യം ഗ്രഹിക്കുവാനുള്ള കഴിവ് കുറഞ്ഞുപോയി. മനസ്സ് മലിനവും, മ്ലേച്ഛവുമായി മാറി. തന്മൂലം തിന്മയിലേയ്ക്ക് മനുഷ്യൻ വേഗം ചാഞ്ഞു തുടങ്ങി, നന്മ ചെയ്യുന്നതിനു മനസ്സു വൈമുഖ്യം കാട്ടിതുടങ്ങി. പ്രതിസന്ധികളെയും, പ്രതികൂലതകളെയും അതിജീവിക്കുവാനുള്ള ആത്മധൈര്യം നഷ്ടപ്പെട്ടു തുടങ്ങിയിരുന്നു. അധമമായ പ്രവണതകൾ അവനിൽ അമിതമായി പ്രാപിക്കുകയും ചെയ്തു.

ആദിപാപം ഇങ്ങനെ മനുഷ്യ പ്രകൃതിക്ക് സമമായ നഷ്ടം ഉണ്ടാകുന്നെങ്കിലും, സ്വർഗ്ഗീയ പിതാവ് വലിയ ഒരു സാധ്യത നമുക്ക് ഒരുക്കിയിട്ടുണ്ട്. പാപം പോക്കി ക്രിസ്തുയേശു മുഖാന്തരം വിശുദ്ധിയിൽ മനുഷ്യകുലത്തെ ദൈവം യഥാസ്ഥാനപ്പെടുത്തുന്നു (റോമ.5:19) "ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും.'' ഇങ്ങനെ ക്രിസ്തുയേശു തിന്മയെ നിശേഷം നീക്കി നന്മയാൽ ദൈവവരപ്രസാദം നമ്മുക്ക് സമ്പാദ്യമാക്കിയിട്ടുണ്ട്. ഈ ദൈവിക ദാനം മനുഷ്യാത്മാവിലേക്ക് ഒഴുകി തിന്മയ്ക്കെതിരായി നമ്മെ ശക്തിപ്പെടുത്തുന്നതിനാണ് കൂദാശകൾ സ്ഥാപിച്ചത്. ഈ വി. കൂദാശാനുഷ്ടാനനുഭവത്തിലൂടെ നഷ്ടപ്പെട്ട ദൈവിക തേജസ്സും, ചൈതന്യവും തിരികെ കൈവരിക്കുവാൻ സാധിക്കും. അതിനാൽ വി.കൂദാശാനുഭവത്തിൽ കേന്ദ്രീകൃതമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ ശ്രമിക്കണം.

---

***മെത്രാപ്പോലീത്തായുടെ സന്ദേശം***

*(പേജ് 5 തുടർച്ച)*

കളിൽ പങ്കെടുക്കുമ്പോൾ മറ്റുള്ള ക്രൈസ്തവ സഭകളുമായി നമുക്കുള്ള ബന്ധമാണല്ലോ ഊട്ടി ഉറപ്പിക്കുന്നത്.. എല്ലാ ക്രൈസ്തവ വിഭാഗങ്ങളും എകോദര സഹോദരങ്ങളെപ്പോലെ വർത്തിക്കുവാനും ക്രിസ്തുവിന്റെ സാക്ഷികളായിത്തീർന്ന് പ്രവർത്തിക്കുവാനും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ അതിഭദ്രാസനത്തിലെ ഭദ്രാസന സെക്രട്ടറിയായി റവ.ഫാ. നോബിൻ തോമസ് ഇളകുറ്റൂരും, മോർ അഫ്രേം സെമിനാരിയുടെ മാനേജരായി റവ.ഫാ. ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്തും, സമുദായത്തിന്റെ PRO ആയും, മീഡിയാ കമ്മീഷൻ Co Ordinator ആയും റവ. ഫാ. മെറ്റോ ജേക്കബ് വെട്ടിപ്പറമ്പിലും നിയമിതരായി. അവർക്ക് സമുദായത്തിനുവേണ്ടി കൂടുതലായി പ്രവർത്തിക്കുവാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എല്ലാവർക്കും അനുഗ്രഹിക്കപ്പെട്ട ക്രിസ്തുമസും, ദൈവകൃപയാൽ നിറയപ്പെട്ട സമാധാനപരമായ ഒരു നവവർഷവും ആശംസിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# അഭിനന്ദനം ഒരൗഷധം

റ്റി.സി. തോമസ്, തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

മരുഭൂമിയിൽ കിടക്കുന്ന ഒരു വിത്തിൽ ജലം വന്നു വീഴുമ്പോഴാണ് അതു പൊട്ടി മരമായി ഉയർന്ന് ഫലം പുറപ്പെടുവിക്കുന്നത്. ഇതുപോലെ ഓരോ വ്യക്തിയും വ്യത്യസ്ത കഴിവുകളുള്ള വിത്തുകളാണ്. അതിനു വളരുവാനുള്ള അനുകൂലമായ സാഹചര്യം ഒരുക്കുമ്പോഴാണ് അതിന്റെ യഥാർത്ഥ ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളു. ഒരിക്കൽ ഒരു ആന അതിന്റെ കുട്ടിയോടു പറഞ്ഞു. നിന്നെക്കൊണ്ടു ഞാൻ തോറ്റു. നീ ആ കഴുകന്റെ കുഞ്ഞിനെ നോക്കു അവന് ഒരു വയസ്സ് മാത്രമേ ഉള്ളു. എന്നിട്ടും അവൻ നന്നായി ആകാശത്തുകൂടി പറക്കുന്നു. നിനക്ക് ഒന്നര വയസ്സായിട്ടും ഇതുവരെ പറക്കാൻ പഠിച്ചില്ല. നിന്നെക്കുറിച്ച് ഓർത്തു എനിക്ക് വിഷമം തോന്നുന്നു. പാവം ആനക്കുട്ടി പറഞ്ഞു. അമ്മേ ഞാനെന്റെ കഴിവിന്റെ പരമാവധി നോക്കിയിട്ടും എനിക്കു പറക്കാൻ പറ്റുന്നില്ല. ഞാൻ ഒന്നുകൂടി ശ്രമിച്ചു നോക്കാം. പലരുടെയും ബാല്യം മുതൽ അവർ കേൾക്കുന്ന വാചകങ്ങളാണിവ. നീ അവനെ കണ്ടു പഠിക്ക് അവളെ കണ്ടു പഠിക്ക്. നിന്റെ ക്ലാസ്സിൽ പഠിക്കുന്ന അടുത്ത വീട്ടിലെ കുട്ടിക്ക് ഇംഗ്ലീഷിനു ഫുൾമാർക്ക് നിനക്ക് ആവറേജും. എന്നാൽ സയൻസിനു ഫുൾമാർക്ക് നേടിയിട്ടും ഒന്ന് അഭിനന്ദിക്കുകപോലും ചെയ്യാതെ മാർക്ക് അല്പം കുറഞ്ഞ വിഷയത്തിൽ കുറ്റപ്പെടുത്തുന്നു. ഏതെങ്കിലും മേഖലയിൽ പിന്നിലാണെന്നു കണ്ടാൽ അതു മെച്ചപ്പെടുത്താൻ പ്രോത്സാഹിപ്പിക്കാതെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തി കുറ്റപ്പെടുത്താനും ഇടിച്ചു താഴ്ത്താനും മാത്രം ശ്രമിച്ചാൽ ഉയരാൻ പറ്റുമായിരുന്ന മേഖലകളിൽ കൂടി വളർച്ച മുരടിക്കും. അതിനാൽ ഓരോരുത്തരുടെയും അഭിരുചിയും താല്പര്യവും കഴിവും മികച്ചു നിൽക്കുന്ന മേഖല കണ്ടെത്തി അവിടെ പ്രവർത്തിച്ചാൽ ലോകോത്തര നേട്ടങ്ങൾ സ്വന്തമാക്കാൻ സാധിക്കും. അതല്ലാതെ മറ്റുള്ളവരുടെ വിവിധ മേഖലകളിലെ നേട്ടങ്ങൾ കണ്ട് എനിക്ക് അവരെപ്പോലെയാകാൻ സാധിച്ചില്ലല്ലോ എന്ന് ചിന്തിച്ചിരുന്നാൽ അത് നിങ്ങളുടെ മനസ്സിൽ അസംതൃപ്തിയും അപകർഷതയും അസൂയയും നിരാശയും സൃഷ്ടിക്കും.

ടോക്കിയോ ഒളിമ്പിക്സിൽ ലോകത്തിലെ ഏറ്റവും വേഗതകൂടിയ പെൺകുട്ടി എന്ന പേര് നേടിയ വിൽമാറുഡോൾഫ് ചെറുപ്പത്തിലെ പോളിയോ ബാധിച്ചവളായിരുന്നു. ഈ നീഗ്രോ ബാലിക നടക്കാൻ സാദ്ധ്യത കുറവാണെന്ന് അവളെ ചികിത്സിച്ച ഡോക്ടർപോലും വിധിയെഴുതി. എന്നാൽ എന്റെ മകൾ ഒരിക്കൽ നടക്കും എന്ന് അവളുടെ അമ്മ അവളോട് പറഞ്ഞ് പ്രതീക്ഷ നൽകിക്കൊണ്ടിരുന്നു. അമ്മ അവളെ എടുത്തുകൊണ്ട് സ്കൂളിൽ പോകുമ്പോഴൊക്കെ അവളെ ഉപദേശിക്കുമായിരുന്നു, എല്ലാറ്റിനും ഒരു സമയമുണ്ട്. ആശ കൈവിടരുത്. അമ്മയുടെ നിരന്തര പ്രോത്സാഹനം അവളിൽ പ്രതീക്ഷയുടെ ചിറകുകൾ വിരിയിച്ചു. അവൾ സാവധാനം നടന്നു. ആ നടത്തം ചെന്നവസാനിച്ചത് ലോകകായിക മാമാങ്കമായ ഒളിംബിക്സിലെ ഏറ്റവും വേഗത കൂടിയ പെൺകുട്ടിയിലാണ്. അവഗണിക്കുന്നതിനേക്കാൾ കഠിനമായൊരു മനോഭാവം ലോകത്തില്ല. അംഗീകരിക്കപ്പെടാനുള്ള വാസന മനുഷ്യന്റെ ഓരോ പ്രവർത്തികളിലുമുണ്ട്. നമ്മെക്കുറിച്ച് മറ്റുള്ളവർ നല്ലത് ചിന്തിക്കുവാനാണ് നമുക്കിഷ്ടം. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം. ഇതേ ആഗ്രഹങ്ങൾ മറ്റുള്ളവർക്കോരോരുത്തർക്കുമുണ്ട്. അവരും അംഗീകാരങ്ങളും അഭിനന്ദനങ്ങളും ആഗ്രഹിക്കുന്നവരാണ്. അതിനാൽ മറ്റുള്ളവർ ചെയ്യുന്ന ഓരോ പ്രവർത്തിയെയും നിറഞ്ഞ ഹൃദയത്തോടും ആത്മാർത്ഥതയോടും കൂടെ പ്രശംസിക്കുക. അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ ചീത്ത മനുഷ്യനെ നല്ലവനാക്കും. നല്ലവനെ കൂടുതൽ നല്ലവനാക്കും. അഭിനന്ദിക്കുന്നതിലൂടെ നാം ഒരു വ്യക്തിയിൽ പരിവർത്തനം സൃഷ്ടിക്കുന്നു. ചെറിയ കാര്യങ്ങൾപോലും ഓർത്തു വയ്ക്കാൻ ബാല്യത്തിൽ പ്രയാസപ്പെട്ടിരുന്ന കുട്ടി ഒരു വർഷത്തെ മാസങ്ങൾ ഏതൊക്കെയാണെന്നു കൃത്യമായി പറയാൻ കഴിയാതിരുന്ന ആൽബർട്ട് ഐൻസ്റ്റിൻ ശാസ്ത്രലോകത്തെ കുഴക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ട ലോകത്തിലെ വലിയ ശാസ്ത്രജ്ഞനായി മാറിയതിനു പിന്നിൽ മാതാപിതാക്കളുടെ പിന്തുണയുണ്ടായിരുന്നു.

ഒരു കളിക്കാരൻ തന്റെ കാണികളിൽനിന്നു ലഭിക്കുന്ന കൈയ്യടിയും പ്രോത്സാഹനവും അവനിൽ ഊർജ്ജം പകർന്ന് അവനിലെ ഏറ്റവും മികച്ച പ്രകടനം പുറത്തെടുക്കുവാൻ സഹായിക്കുന്നു. ഒരു കലാകാരനോ, അഭിനേതാവിനോ ആരിൽനിന്നും ഒരു അഭിന്ദനവും ലഭിച്ചില്ലെങ്കിൽ അവർക്കു തങ്ങളുടെ സർഗ്ഗവാസന മികവുറ്റതാക്കാൻ കഴിയില്ല. മനുഷ്യ ബന്ധങ്ങളാകുന്ന ചക്രങ്ങളിലിടുന്ന എണ്ണയാണ് പ്രോത്സാഹനവും അഭിനന്ദനങ്ങളും. അതു ലഭിക്കാത്തവർ ചിറകു വിരിക്കാൻ സാധിക്കാത്ത പക്ഷികളെപോലെ ഏകാന്തത നിറഞ്ഞതായിരിക്കും. ജീവിതത്തിൽ വിജയം നേടുവാനും അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുവാനുമുള്ള ത്വര ഓരോ വ്യക്തിയിലുമുണ്ടാകുന്നത് ചില സാമൂഹിക പ്രചോദനങ്ങൾ (Social Motives) വഴിയാണ്. മികച്ച സംഗീതജ്ഞന് ലഭിച്ച സമ്മാനത്തെക്കാളും അയാളുടെ മനസ്സിനെ സ്പർശിക്കുക കാതുകൾകൊണ്ട് നേരിട്ടു ശ്രവിച്ച അഭിനന്ദനവാക്കുകളായിരിക്കും. ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു ഓഫീസ് ജീവനക്കാരന് മേലധികാരികളിൽനിന്നു ലഭിക്കുന്ന അഭിനന്ദനങ്ങൾ അയാളെ കൂടുതൽ കർമ്മനിരതനാക്കും. ഭാര്യയുടെ പാചകത്തെ എപ്പോഴും കുറ്റം കണ്ടുപിടിക്കാതെ അഭിനന്ദിക്കുകയും പ്രശംസിക്കുകയും ചെയ്താൽ രുചികരമായ വിഭവങ്ങൾ ഉണ്ടാക്കാനുള്ള വാസനയും താല്പര്യവും വർദ്ധിച്ചുവരുമെന്നുള്ളതിനു സംശയമില്ല. പ്രതിഭാശാലിക

ളായ കുട്ടികളെ അംഗീകരിച്ചു കാണാൻ മാതാപിതാക്കളും ആഗ്രഹിക്കുന്നു എന്നുള്ളതിന്റെ തെളിവാണ് കഴിഞ്ഞ ക്നാനായ മെരിറ്റ് അവാർഡിൽ പ്രതിഫലിച്ച വൻപിച്ച ജന പങ്കാളിത്തം വെളിവാക്കുന്നത്.

പ്രോത്സാഹിപ്പിച്ചില്ലെങ്കിലും നിരുത്സാഹപ്പെടുത്തുന്നവ രുമുണ്ട്. ഒരിക്കൽ കുറെ മരത്തവളകൾ ഒരു മത്സരം വച്ചു. കാട്ടിലെ ഏറ്റവും പൊക്കമുള്ള മരത്തിന്റെ മുകളിൽ ആദ്യം എത്തുന്ന തവളക്ക് സമ്മാനം. ധാരാളം മൃഗങ്ങളും മറ്റും മത്സരം കാണാൻ എത്തി. മരത്തിന്റെ മുകളിലെത്താൻ ഒരു തവളക്കും സാധിക്കില്ല. മൃഗങ്ങളിൽ ഓരോരുത്തരായി പറ ഞ്ഞുകൊണ്ടിരുന്നു. അതുകേട്ട് ചില തവളകൾ കൈവിട്ട് താഴെവീണു. പിന്നെയും കയറിക്കൊണ്ടിരുന്നവരെ നോക്കി അവർ പറഞ്ഞു "ഇപ്പോൾ താഴെ വീഴും". ചിലർ അതു കേട്ട് താഴെവീണു. മൃഗങ്ങൾ ആർത്തുചിരിച്ചു. പകുതി യോളം കയറിയ തവളകളെ നോക്കി മൃഗങ്ങൾ വിളിച്ചു പറഞ്ഞു നിങ്ങളെക്കൊണ്ട് ഒരിക്കലും മുകളിൽ എത്താൻ സാധിക്കില്ല. വീണുകാലൊടിയാതിരിക്കണമെങ്കിൽ താഴേക്ക് ഇറങ്ങിക്കോ. ഇതുകേട്ട് കുറെ തവളകൾ മത്സരം ഉപേക്ഷിച്ച് താഴേക്ക് ഇറങ്ങി. പിന്നെയും മുകളിലേക്കു കയറാ നൊരുങ്ങിയവരെ മൃഗങ്ങൾ നിരുത്സാഹപ്പെടുത്തിക്കൊണ്ടി രുന്നു. അവസാനം മുടന്തുള്ള തവള മരത്തിന്റെ മുകളിൽ എത്തിയശേഷം താഴെയിറങ്ങി മൃഗങ്ങളെല്ലാവരും ആ തവ ളെയെ അഭിനന്ദിച്ചുകൊണ്ട് ചോദിച്ചു താങ്കളുടെ വിജയ ത്തിന്റെ രഹസ്യം എന്താണ്. മുടന്തൻ തവള ഒന്നും പറ ഞ്ഞില്ല. അപ്പോൾ വയസായ ഒരു തവള പറഞ്ഞു. അവനു ചെവി കേൾക്കില്ല. അതുകൊണ്ട് നിങ്ങളുടെ നിരുത്സാഹ പ്പെടുത്തലുകൾ അവൻ കേട്ടില്ല. നിരുത്സാഹത്തിനും വിമർശനത്തിനും അടിസ്ഥാനരഹിതമായ ആരോപണ ങ്ങൾക്കും ചെവികൊടുക്കാതെ സ്വയം മുന്നേറാൻ സാധി ച്ചാൽ പല പരീക്ഷണങ്ങളെയും അതിജീവിക്കുവാൻ നമുക്ക് സാധിക്കും.

# ചൊട്ടയിലെ ശീലം ചുടലവരെ

റ്റി.യു. ജോസ് തൈത്ര, കുറിച്ചി

വിശ്വാസത്തിനടിസ്ഥാനമായ വേദശാസ്ത്ര തത്വങ്ങൾ ചെറിയ പ്രായം മുതൽ കുഞ്ഞുങ്ങളെ പഠിപ്പിച്ചാൽ ജീവി താന്ത്യംവരെ അതനുസരിച്ച് അവർക്ക് ജീവിക്കുവാൻ സാധിയ്ക്കും. "ചെറുപ്പകാലങ്ങളിലുള്ളശീലം മറക്കുമോ മനുഷ്യൻ ഉള്ളകാലം" സദൃ. 22:6-ൽ "ബാലൻ നട ക്കേണ്ടുന്നവഴിയിൽ അവനെ അഭ്യസിപ്പിക്കുക അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല. ക്രൈസ്തവ ദർശ നത്തിൽ വിശ്വാസ സത്യങ്ങളിൽ നിന്നാണ് ധാർമ്മിക പ്രമാ ണങ്ങൾ രൂപം കൊള്ളുന്നത്. ഒരുവന്റെ സ്വഭാവവും ജീവി തചര്യയും അവന്റെ വിശ്വാസ പ്രമാണങ്ങൾക്ക് അനുയോ ജ്യമായിരിക്കണം. മനുഷ്യൻ തന്റെ പ്രവർത്തികളെ ദൈവ ത്തിന്റെ പദ്ധതിക്കും സമൂഹത്തിന്റെ നിയമങ്ങൾക്കും അനുസരണമായി ക്രമപ്പെടുത്തുന്നതാണ് ധാർമ്മികത.

ഈ ധാർമ്മികത എങ്ങനെ കുഞ്ഞുങ്ങളിൽ കൈവരി ക്കുവാൻ സാധിക്കും? മാതാപിതാക്കന്മാർ സാക്ഷ്യമുള്ള ജീവിതത്തിന്റെ ഉടമകളായി ശൈശവം മുതൽ ലഭിക്കേണ്ട ആത്മീയ ശിക്ഷണവും ആത്മീയ മൂല്യങ്ങളും ലഭിക്കുന്ന കുടുംബങ്ങളിലെ കുഞ്ഞുങ്ങൾക്ക് ഈ ധാർമ്മികത കൈവരിക്കുവാൻ സാധിക്കും. ഒപ്പം അവരുടെ സൺഡേ സ്ക്കൂൾ പോലെയുള്ള ആത്മീയ പ്രസ്ഥാനങ്ങളിൽക്കൂടി യുള്ള പഠനങ്ങൾ വഴിയും. ആഴ്ചയിൽ ഒന്നോ രണ്ടോ മണിക്കൂർ മാത്രമാണ് കുഞ്ഞുങ്ങൾക്ക് സൺഡേസ്ക്കൂ ളിൽ പഠിക്കുവാൻ സാധിക്കുന്നത്. ഈ ചുരുങ്ങിയ സമ യംകൊണ്ട് ഒരു പരിധിവരെ മാത്രമെ സൺണ്ടേസക്കൂൾ അദ്ധ്യാപകർക്ക് അവരെ പഠിപ്പിക്കുവാൻ സാധിക്കുകയു ള്ളു. മാതാപിതാക്കൾ കുഞ്ഞുങ്ങളെ കൂടുതൽ ശ്രദ്ധിച്ച് അവർക്ക് വേണ്ട ഉപദേശങ്ങളും പ്രോത്സാഹനങ്ങളും കൊടുത്തെങ്കിൽ മാത്രമെ ധാർമ്മികതയുടെ അടിത്തറ അവരിൽ പാകാൻ സാധിക്കുകയുള്ളു.

ഈ കാലഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് പ്രാർത്ഥ നപോലും അറിയില്ല. രണ്ടുനേരമെങ്കിലും മാതാപിതാക്കൾ പ്രാർത്ഥിച്ചാൽ അവരുടെ കൂടെ കുഞ്ഞുങ്ങളെകൂടെ കൂട്ടി പ്രാർത്ഥിച്ചാൽ അവരും ഈ പ്രാർത്ഥനകളൊക്കെ ഹൃദി സ്ഥമാക്കുകയും ജീവിതാന്ത്യംവരെ അത് ചൊല്ലുവാൻ അവർക്ക് സാധിക്കും. വൃദ്ധരായ മാതാപിതാക്കൾ തങ്ങ ളുടെ കുട്ടിക്കാലത്ത് ഹൃദിസ്ഥമാക്കിയ സാധാരണ നമ സ്ക്കാരം, നോമ്പുകളിലെ പ്രാർത്ഥനകൾ, കഷ്ടാനുഭവ ആഴ്ചയിലെ പ്രാർത്ഥനകൾപോലും ഒരക്ഷരം പോലും തെറ്റാതെ പുസ്തകങ്ങൾ ഒന്നും നോക്കാതെ ചൊല്ലുന്നത് ഇന്നും നമുക്ക് കാണുവാൻ സാധിക്കും. ചെറുപ്പത്തിൽ തങ്ങളുടെ മാതാപിതാക്കളുടെ ഒപ്പം സന്ധ്യയ്ക്കും, പ്രഭാ തത്തിലുമൊക്കെ ചൊല്ലി പഠിച്ചതാണ് ഇതൊക്കെ. ചില കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ മലയാളം നിഘണ്ടുവിൽ പോലും ഇല്ലാത്ത, ചില സംസ്ക്കാരം ഇല്ലാത്ത വാക്കുക ളൊക്കെ കൂട്ടുകാരെ വിളിക്കുന്നു എന്ന പരാതി കേൾക്കാ റുണ്ട്. അങ്ങനെയുള്ള കുട്ടികളെ വിളിച്ച് ഉപദേശിക്കു മ്പോൾ അവർ പറയുന്നത് ഈ വാക്കുകളൊക്കെ തങ്ങ ളുടെ മാതാപിതാക്കളിൽനിന്നും പഠിച്ചതാണെന്നാണ്. മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് മാതൃകയായി ജീവിച്ചി ല്ലെങ്കിൽ കുഞ്ഞുങ്ങൾ വഴിതെറ്റിപോകാൻ ഇടയാകും. കൗമാര പ്രായമായ കുഞ്ഞുങ്ങൾ ദൈവവചനത്തിലും പിതാക്കന്മാരുടെ ഉപദേശത്തിനും സഭാ വിശ്വാസത്തിലും സാമൂഹ്യനീതിക്കും ആരാധന ജീവിതത്തിലും അധിഷ്ഠ മായി ജീവിക്കുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും അവരുടെ കുടുംബങ്ങളിൽ നിന്നും ലഭിക്കുന്നതിന് ഇട യാകണം. വളർച്ചയുടെ ഓരോ ഘട്ടത്തിലും അവർക്കും കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കും അനുഗ്രഹ മായി തീരണം. ഇപ്രകാരം ക്രൈസ്തവ വിശ്വാസത്തിൽ അതിഷ്ഠിതമായ ഒരു ധാർമ്മിക ജീവിതശൈലി നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും ഉണ്ടാകുവാൻ ഇടയാകട്ടെ.

# 51th Wedding Anniversary

11-11-2024



## M.C. Thomas & Ammini Thomas

Kurishimasseriyil,
Chingavanam

ആശംസകളോടെ

മക്കൾ: ആനി തോമസ്, അനീഷ് തോമസ്, അനു തോമസ്

മരുമക്കൾ: റജി തോമസ്, ജോസഫ് എം. ഇടശ്ശേരി, ആഷ്‌ലി ഒ.

കൊച്ചുമക്കൾ : അലീന റെജി, അനഘ റജി, മത്തേയൂസ് ജോസഫ്

Advt -R

**MALANKARA SYRIAN KNANAYA ARCHDIOCESE**

BEST WISHES TO THE NEWLY
APPOINTED OFFICE BEARERS



**Fr. Metto Jacob Vettiparambil**
P.R.O, Media Cell Coordinator &
Personal Secretary to Samudaya Metropolitan



**Fr. Bibin Andrews Kunnumpurath**
Mor Ephraim Seminary Manager

## ഓതറ നസ്രേത്ത് ആശ്രമത്തിൽ ആരംഭിച്ച നസ്രേത്ത് പാലിയേറ്റീവ് കെയർ യൂണിറ്റ്



ഓതറ നസ്രേത്ത് ആശ്രമത്തിൽ ആരംഭിച്ച നസ്രേത്ത് പാലിയേറ്റീവ് കെയർ യൂണിറ്റ് ക്നാനായ സമുദായ വലിയ മെത്രാപ്പോലിത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. വി. എ. എബ്രഹാം ഇളയശേരിൽ, സമുദായ സെക്രട്ടറി ടി. ഒ. എബ്രഹാം തോട്ടത്തിൽ, ആശ്രമം സെക്രട്ടറി സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, തോമസ്കുട്ടി തേവരുമുറിയിൽ, ഉതുപ്പാൻ ജോസഫ്, ടിബി താമരപ്പള്ളിൽ, റെജി പുളിക്കാവിൽ പി. എ. എബ്രഹാം, ജേക്കബ് ലൂക്കോസ്, റെജി പ്ലാന്നിക്കുന്നൽ സോണി കുന്നിരിക്കൽ തുടങ്ങിയവർ സമീപം

സീറോ മലബാർ എക്യുമെനിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ

## എക്യുമെനിക്കൽ സമ്മേളനം



സീറോ മലബാർ എക്യുമെനിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അരുവിത്തുറ മോർ ഗീവർഗീസ് സഹദ ഫൊറോന പള്ളിയിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ സമ്മേളനം യാക്കോബായ സഭ കോട്ടയം ഭദ്രാസനാധിപൻ ഡോ. തോമസ് മാർ തിമോത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, സീറോ മലങ്കര പത്തനംതിട്ട ഭദ്രാസന അധിപൻ സാമുവൽ മാർ ഐറേനിയോസ്, പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ഫാ. സിറിൽ തോമസ് തയ്യിൽ എന്നിവർ സമീപം.



# ST. JACOB'S KNANAYA CHURCH
## BRISBANE, AUSTRALIA

**MANAGING COMMITTEE 2024-2025**

**PRESIDENT**



**Rev. Fr. Jain Thomas**
Kulathunkal House

**SECRETARY**



**Pinky Mary Sunny**
Kavanal House
St Mary's Knanaya Church, Mannar

**TRUSTEE**



**Geo Thomas**
Valiakalathil House
St Mary's Valiyapally Knanaya Church, Kottayam

**COMMITTEE MEMBERS**



**Lintu Tibi**
Thazchaparambil House
St Mary's Knanaya Church, Kattode



**Moncy Kurian**
Ochumuttathu House
St John's Knanaya Church, Thuruthicadu



**Nancy Kuruvilla**
Valadithara House
St George Knanaya Church, Mulackamthuruthy



**Reji Joseph**
Parackamannil House
St George Knanaya Church, Vallamkulam

**SUNDAY SCHOOL HM**



**Tintu Elias**
Neduvoppil House
St George Knanaya Valliyapalli, Neelamperoor

**VANITHA SAMAJAM SEC.**



**Sindhu Mary John**
Parackamannil House
St George Knanaya Church, Vallamkulam

**YOUTH REP.**



**Tanya Tibi**
Thazchaparambil House
St Mary's Knanaya Church, Kattode

**YOUTH REP.**



**Kevin Kuruvilla**
Valadithara House
St George Knanaya Church, Mulackamthuruthy

**AUDITOR**



**Thomas Peedikayil Thomas**
Peedikayil House
St Thomas Syrian Knanaya Kurishupally, Mannamaruthy

**ASSOCIATION MEMBER**



**Reji Joseph**
Parackamannil House
St George Knanaya Church, Vallamkulam

**ASSOCIATION MEMBER**



**Tibi Thomas**
Thazchaparambil House
St Mary's Knanaya Church, Kattode

Advt - O

# അഭിനന്ദനങ്ങൾ



അമേരിക്കയിലുള്ള ഇന്ത്യൻ വംശജരുടെ രാഷ്ട്രീയ കാഴ്ചപ്പാട് വിലയിരുത്തുന്നതിനായി ഫിലാഡൽഫിയ കോൺഗ്രസ് മെമ്പർ ബ്രെണ്ടൻ ബോയ്‌ലേന്റെയും പ്രസിഡന്റ് ജോ ബൈഡന്റെയും പ്രത്യേക ക്ഷണപ്രകാരം നവംബർ ഒന്നാം തീയതി ഫിലാഡൽഫിയായിലെ ഡെമോക്രാറ്റിക് പാർട്ടി ഓഫീസിൽ വെച്ച് നടന്ന ചടങ്ങിൽ ശ്രീ. തമ്പി പോത്തൻ കാവുങ്കലിനു പങ്കെടുക്കുവാൻ അവസരം ലഭിച്ചു. കഴിഞ്ഞ 35 വർഷമായി ഫിലാഡൽഫിയയിലെ സാമൂഹിക, സാംസ്കാരിക, സാമുദായിക, രാഷ്ട്രീയ രംഗങ്ങളിൽ സജീവ സാന്നിധ്യമായി പ്രവർത്തിച്ചുവരുന്ന ശ്രീ. തമ്പി പോത്തൻ, റാന്നി കാവുങ്കൽ കുടുംബാംഗവും റാന്നി സെന്റ് തോമസ് ക്നാനായ വലിയ പള്ളി ഇടവകാംഗമാണ്.

വാകത്താനം പന്ത്രണ്ടാംകുഴിയിൽ മറിയാമ്മ ഭാര്യ.

കാവുങ്കൽ കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ

Advt - S

# ക്നാനായ മെറിറ്റ് അവാർഡ്




മലങ്കര സുറിയാനി ക്നാനായ സമുദായത്തിലെ കലാകായിക രംഗത്ത് മികവ് തെളിയിച്ച പ്രതിഭകളെ ആദരിക്കുന്ന സമ്മേളനം മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ വലിയ മെത്രാപോലിത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, തിരുവഞ്ചൂർ രാധകൃഷ്ണൻ എം.എൽ.എ., ജോബ് മൈക്കിൾ എം.എൽ.എ. സമുദായ സെക്രട്ടറി റ്റി.ഓ. ഏബ്രാഹാം തോട്ടത്തിൽ ഫാ. വി.എ. ഏബ്രഹാം ഇളയശേരിൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ ഫാ. എം.സി. സക്കറിയാ മധുരംകോട്ട്, തോമസ്കുട്ടി മറ്റക്കാട്ട് , തോമസ്കുട്ടി തേവരുമുറി, രെഞ്ചു കോഴിമറ്റം, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു വരാത്ര, റ്റിജു തോട്ടുപുറത്ത്, ജോബി കാരിക്കോട്ട് എന്നിവർ സമീപം.




ക്നാനായ സമുദായത്തിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലെ ഔദ്യോഗിക ലോഗോ മന്ത്രി വി.എൻ. വാസവൻ സമുദായ വലിയ മെത്രാപ്പോലിത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിക്ക് നൽകി കൊണ്ട് പ്രകാശനം ചെയ്യുന്നു.



വാകത്താനം പുതുശ്ശേരി സെൻ്റ് സൈമൺസ് ക്നാനായ പള്ളിയുടെ ഈ വർഷത്തെ വലിയ പെരുന്നാൾ 2024 നവംബർ 10, 11 തീയതികളിൽ നടത്തപ്പെട്ടു. പെരുന്നാൾ നേർച്ചയായി ഏറ്റെടുത്തു നടത്തിയവർ സമുദായ വലിയ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടും ഇടവക വികാരി ഫാ. മോനായി. കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ–നോടും ഒപ്പം.

Advt -O

40–ാം ചരമദിനം
12 / 21 /2024
*In Loving Memory of*



**SOSAMMA S. KOCHUVEETTIL**
Feb 13-1944 Nov 11-2024
"I have fought the good fight
I have finished the race
I have kept the faith"
*2 Timothy 4:7*

63–ാം ചരമവാർഷികം

30–ാം ചരമവാർഷികം



സ്ക്കറിയ

അന്നമ്മ

കൊച്ചുവീട്ടിൽ, കല്ലിശ്ശേരി

Advt -R

## 9–ാം ചരമവാർഷികം
01–12–2024



**തോമസ് ചാക്കോ (ഉണ്ണി)**
കടയ്ക്കാവുങ്കൽ
കുറ്റൂർ, തിരുവല്ല

By Sorrowing Family

Advt - O

## 2–ാം ചരമവാർഷികം
25–12–2024



## K.M. KURIAKOSE
**Kunnumpurathu,**
**Ramamangalam**

മക്കൾ–മരുമക്കൾ–കൊച്ചുമക്കൾ    സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



## ഒന്നാം ചരമവാർഷികം
02–1–2025

## Very. Rev. A.T. Thomas Arackal Cor-Episcopa Ranni

"ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

*By Sorrowing Family*

Advt -O

2 – ാം ചരമവാർഷികം

08 – 01 – 2025



## K.J. KURUVILLA (THAMPY)

KIZHAKETHIL HOUSE

VALLAMKULAM, THIRUVALLA

By Sorrowing Family

Advt -O

9 – ാം ചരമവാർഷികം

17 – 12 – 2024



Advt - S

## O. A. ABRAHAM (RAJAN)

Ochalil

Vallamkulam, Thiruvalla

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

2nd Death Anniversary

## Mariyamma Thomas



20-12-2022

Mallappallil House, Ranni

Advt -O

40-ാം ചരമദിനം

08-12-2024



## എം.കെ.കുര്യൻ

(ജോസ്)

മുരിക്കോലിപ്പുഴ

റാന്നി

Advt - O



## 6 – ാം ചരമവാർഷികം

13 – 01 – 2025

# Philip Kuruvilla

### Aronnil, Mumbai

Advt -O

**I am the resurrection and the life,
whoever believes in me will live,
even though he dies.
John 11:25**

By Sorrowing Family

---

## 33 – ാം ചരമവാർഷികം

**26- 12 - 2024**





## 10 – ാം ചരമവാർഷികം

**07 - 01- 2025**



Advt - O

# റവ. ഫാ. പി.ഐ. ഏബ്രഹാം

(റിട്ട. ഹെഡ്മാസ്റ്റർ, നാഷണൽ ഹൈസ്കൂൾ, വള്ളംകുളം)

**പാറയ്ക്കാമണ്ണിൽ, കറ്റോട്**

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും". (യോഹന്നാൻ 11:25)

# അച്ചാമ്മ ഏബ്രഹാം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*കുടുംബാംഗങ്ങൾ*

# CAREER WISDOM
# കരിയർ ഗൈഡൻസിന്റെ പ്രാധാന്യം!



സുനിൽ ഡി. കുരുവിള

"സാർ, ഇപ്പോൾ പ്ലസ്ടു കഴിഞ്ഞു? ഇനി തുടർന്ന് എന്ത് പഠിക്കണം എന്നൊരു കൺഫ്യൂഷൻ" അറിയപ്പെടുന്ന ഒരു CBSE സ്കൂളിലെ നല്ലൊരു ഉഴപ്പനാണ് കക്ഷി.

"ഒരു IPS ആണ് എന്റെ ആഗ്രഹം".

ഇന്ന് പലപ്പോഴും കുട്ടികൾക്ക് വലിയ ലക്ഷ്യങ്ങൾ ഒക്കെ 'ഓതി' കൊടുക്കാൻ ഒരുപാടുപേരുണ്ട്. എന്നാൽ ഉന്നതമായ ലക്ഷ്യങ്ങൾക്ക് പുറകിൽ ഉണ്ടാകേണ്ട അടിസ്ഥാന പ്രവർത്തനം എങ്ങനെയാകണം... ആരാണ് ഇത്തരം ലക്ഷ്യങ്ങൾ ഒക്കെ നേടിയെടുക്കുന്നത്... എങ്ങനെ പഠനവും വ്യക്തിത്വവും ആസൂത്രണം ചെയ്യണം. ഈവക കാര്യങ്ങളിൽ ഒരു ഗൈഡൻസും കുട്ടികൾക്ക് കിട്ടുന്നില്ല. വലിയ ലക്ഷ്യങ്ങൾ പറഞ്ഞുകൊണ്ട് നടന്നാൽ മാത്രം അതിൽ എത്തിച്ചേരില്ല. പലപ്പോഴും അത്തരം ലക്ഷ്യങ്ങൾ ശരിയായ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെയും വസ്തുനിഷ്ഠമായി അവലോകനം ചെയ്യാതെയും ഒക്കെ 'വച്ചുകെട്ടുമ്പോൾ' വിപരീത ഫലംആകും ലഭിക്കുക... ഒന്നും ആകാതെപോകുന്ന നിരാശരായി പോകുന്ന യുവത.

സുഹൃത്തായ ഒരു കോളേജ് അദ്ധ്യാപിക വിളിച്ചു. "സാർ മകൾ ഇപ്പോൾ Plus one കഴിഞ്ഞു... മിടുക്കിയാണ് എങ്കിലും higher study സംബന്ധിച്ചു കുറെ സംശയങ്ങൾ ഉണ്ട്... ഒന്ന് നേരിൽ കാണണം."

എൻട്രൻസ് താല്പര്യമില്ല. സംസാരിച്ചു വന്നപ്പോൾ കുട്ടിക്ക് കണക്കിൽ ആണ് ഏറ്റവും മികവുള്ളതു എന്ന് മനസ്സിലായി. കണക്കു പഠിച്ചാൽ എന്തെല്ലാം സാദ്ധ്യതകൾ ഉണ്ട്...ഏതെല്ലാം professional മേഖലയിലേക്ക് തിരിയാം... എങ്ങനെ ഒരു ഉന്നതമായ കരിയർ നേടിയെടുക്കാം... ഇതൊക്കെയായിരന്നു ഞങ്ങളുടെ ചർച്ച.

തിരികെ പോകുമ്പോൾ ആ അദ്ധ്യാപിക പറഞ്ഞ വാക്കുകൾ വളരെ ഹൃദ്യമായിരുന്നു. "വലിയ ഒരു സമാധാനവും അതിലേറെ ആത്മവിശ്വാസവും ആണ് ഞങ്ങൾക്ക് ലഭിച്ചത്!" മകൾ കൂട്ടിച്ചേർത്തു, "ഇനിയും പഠിക്കാൻ ഒരു motivation ഉണ്ട്... ഒരു കാരണമുണ്ട്... Thank you so much, Sir".

സ്ക്കൂളിൽ തന്നെ IAS കോച്ചിങ്ങ് തുടങ്ങ ണോ? സ്ക്കൂളിൽ കുട്ടികൾ സമഗ്രമായ വ്യക്തിത്വ വികലനം നേടട്ടെ. നന്നായി പഠിക്കുകയും കളിക്കുകയും ചെയ്യട്ടെ! അവരെ discover ചെയ്യാൻ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും സഹായിക്കാം... അവർ സ്വയം കണ്ടെത്തി ആയിക്കൊള്ളും. നല്ല ഗൈഡൻസ് വലിയ ഗുണം ചെയ്യും! എന്തിനു സ്കോപ്പ് ഉണ്ട് എന്നുമാത്രം നോക്കി കുട്ടികളുടെ ഭാവി തീരുമാനിക്കാതിരിക്കാം. കുട്ടിക്ക് എന്താണ് അഭിരുചിയുള്ളതു... താല്പര്യമുള്ളതു... കണ്ടെത്താം!

എന്തുകൊണ്ടാണ് മികച്ച വിദ്യാഭ്യാസ- മാർഗ്ഗനിർദ്ദേശം ഈ കാലത്തു വളരെ പ്രാധാന്യമുള്ളതാകുന്നത്?

ഓരോ കുട്ടിയും uniqe ആണ്. അവരുടെ അഭിരുചി താല്പര്യം കഴിവുകൾ എല്ലാം ഉന്നത വിദ്യാഭ്യാസത്തിലും തൊഴിൽ രംഗത്തും ഗൗരവമായി പരിഗണിക്കേണ്ടത് ആവശ്യമാണ്-സന്തോഷകരമായ ഭാവിജീവിതത്തിനു അനിവാര്യമാണ്.

കഴിവില്ലാത്ത- ഇഷ്ടമില്ലാത്ത മേഖലയിൽ ഒക്കെ ജോലി ചെയ്യേണ്ടി വരുമ്പോൾ അതിന്റെ ദോഷഫലങ്ങൾ പേർസണൽ ലൈഫിലും, ഫാമിലിയിലും സാമൂഹിക ജീവിതത്തിലും ഒക്കെ പ്രതിഫലിക്കും.

*നൂറുകണക്കിന് കോഴ്സുകൾ institutions... വിദേശ രാജ്യത്തെ പഠന സാദ്ധ്യതകൾ.. എന്നിവ വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ സാധിക്കണം. ഇല്ലെങ്കിൽ agent മാരും broker മാരും നമ്മുടെ ജീവിത 'വിധി' തീരുമാനിക്കും!

എല്ലാവരും entrance പഠിക്കണം എന്നില്ല... ചിലർക്ക് ആത്മവിശ്വാസത്തിനും ആശയവിനിമയപാടവത്തിനും ആണ് 'coaching' വേണ്ടത്!

* കുട്ടികളിലെ പഠന- നൈപുണ്യം- വികസന ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുക സമഗ്രവ്യക്തിത്വ വികസനം ഉറപ്പാക്കുക. പഠനത്തിൽ കൂടുതൽ motivation നൽകാനും ലക്ഷ്യങ്ങളെ കുറേക്കൂടി sharpen ചെയ്യാനും സഹായിക്കുക. ആവശ്യമായ ജീവിത മൂല്യങ്ങൾ ഉറപ്പിക്കുക.

* ഡിഗ്രിതലത്തിൽ ഒക്കെ 'specialisation' കോഴ്സുകൾ ഒക്കെ ചെയ്യുന്നത് വലിയ ഗുണം ചെയ്യണം എന്നില്ല. Forensic science, artificial intelligence, genetics ഒക്കെ post graduate ലെവലിൽ പഠിക്കുന്നതാണ് അഭികാമ്യം. മികച്ച സ്ഥാപനങ്ങളിൽ പഠിക്കാൻ കഴിഞ്ഞാൽ വളരെ നല്ലത്.

* അതുപോലെ വിദേശരാജ്യത്തു പഠിക്കാൻ പോകുമ്പോൾ നല്ല മാർഗ്ഗനിർദ്ദേശം ആവശ്യമാണ്, പ്രത്യേകിച്ച് MBBS ഒക്കെ പഠിക്കാൻ പ്ലാൻ ചെയ്യുമ്പോൾ.

* കൂട്ടുകാരുടെ സമ്മർദ്ദവും മാതാപിതാക്കളുടെ 'പഴകിയ' അറിവും google നിന്ന് ലഭിക്കുന്ന information ഉം ആധികാരികമായിക്കൊള്ളണം എന്നില്ല. സുഹൃത്തുക്കളുടെയും പരസ്യങ്ങളുടെയും ഒക്കെ സ്വാധീനം ചെറുക്കാൻ കഴിയണമെങ്കിൽ നല്ല guidance കൂടിയേതീരൂ.

* Career രംഗത്തും ലോകത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ; പുതിയ കോഴ്സുകൾ തൊഴിൽ മേഖലകൾ industry expecation ഒക്കെ കാലേക്കൂട്ടി update ചെയ്യാൻ

നല്ല ഗൈഡൻസ് സഹായിക്കും.

* സമഗ്രമായ ജീവിത വീക്ഷണം സന്തോഷം സംതൃപ്തി ഒക്കെ യുവതയിൽ പ്രോത്സാഹിപ്പിക്കാൻ കഴിയണം. ജീവിതത്തെക്കുറിച്ച്- സമൃദ്ധമായ ജീവിതത്തെക്കുറിച്ച് കൗമാരക്കാർക്ക് ദർശനവും കാഴ്ചപ്പാടും നൽകേണ്ടതുണ്ട്. Standard of living അല്ല quality of life ആണ് ലക്ഷ്യം വെക്കേണ്ടത്.

* മാതാപിതാക്കളും കുട്ടികളും തമ്മിൽ കരിയർ കാര്യങ്ങളിൽ തർക്കം ഉണ്ടാകുമ്പോൾ ഏതുവശത്താണ് ശരി എന്ന് എങ്ങനെ തീരുമാനിക്കും? 20 വർഷം മുമ്പുള്ള parents ന്റെ അറിവ് ഇന്ന് valid ആയികൊള്ളണം എന്നില്ല. കുട്ടിക്ക് ആഗ്രഹമുള്ള കാര്യങ്ങൾ യാഥാർഥ്യവുമായി പൊരുത്തപ്പെടണമെന്നും ഇല്ല. ഇവിടെ നല്ല ഗൈഡൻസ് സഹായിക്കും.

* നല്ല ഗൈഡൻസ് തെറ്റുകളിൽ വീഴാതെ വലിയ ലക്ഷ്യബോധത്തിൽ നിൽക്കാൻ കുട്ടികളെപ്രാപ്തരാക്കുന്നു! They stand tall, stand strong and stand different.

* കൂടുതൽ ധൈര്യവും വ്യക്തതയും ആത്മവിശ്വാസവുമുള്ള മാതാപിതാക്കളെ സൃഷ്ടിക്കുന്നു!

"Good guidance is nation building".

അഭിരുചിയും താല്പര്യവും ഉണ്ടായിട്ടും വേറിട്ട വഴിയിൽ യാത്ര ചെയ്യാൻ risk എടുക്കാൻ ഒക്കെ പേടിയുള്ളവരാണ് പൊതുവെ മലയാളികൾ. നല്ല ഗൈഡൻസ് ധൈര്യം തരും കരിയർ നല്ല രീതിയിൽ ആസൂത്രണംചെയ്യാൻ സഹായിക്കും. risk കുറയും.

നല്ല ഗൈഡൻസ് എവിടെ ലഭിക്കും? അതിനു quality യിൽ യാതൊരു compromise ഉം പാടില്ല. കാരണം അതിന്റെ വില നമ്മുടെ ഓരോരുത്തരുടെയും കുട്ടികളുടെ ഭാവിയുടെ വിലയാണ്. സഭയായിതന്നെ ഈ കാര്യത്തിൽ ഗൗരവമായ പ്രവർത്തനങ്ങൾ ആരംഭിക്കും എന്ന് പ്രതീക്ഷിക്കട്ടെ! ഒരു child & yuoth development centre ഒക്കെ കാലം ആവശ്യപ്പെടുന്നു!

ഏവർക്കും ആശംസകൾ!

(സുനിൽ കുരുവിള, ഇൻസൈറ്റ് മിഷ്യന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽ ഫോൺ. +91 9656144712 Sunil D. Kuruvilla, എന്ന YouTube ചാനലിലും ലഭ്യമാണ്).

കവിത

# ചില വിലപ്പെട്ട അറിവുകൾ

**ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം**

കൂട്ടരേ, നിങ്ങൾ അറിഞ്ഞിടുക
ക്രിസ്ത്യാനി, ആർക്കും 'പാര'യാകരുതേ
വചനത്തെ ചേർത്തു പിടിച്ചുകൊണ്ട്
ഏതു നേരത്തും നന്മ ചെയ്യുക.
ഓരോ പിതാക്കളും ഓർത്തിടുക
ഈശന്റെ അനുഗ്രഹം ലഭ്യമാകാൻ
അപ്പന്മാർ, മക്കളെ കൈയ്ക്ക് പിടിച്ചു
ഈശന്റെ അടുത്തു കൊണ്ടു ചെന്നു.
അബോർട്ടിനാൽ ജന്മം തടയരുതേ
മക്കടെ, ജന്മം തടയരുതേ
സ്വർഗ്ഗത്തിൽ, കർത്തനോടൊത്തുള്ള വാസം
ജനിക്കാത്ത കുഞ്ഞിന് നഷ്ടമാകും
നോമ്പിനാൽ, കുഞ്ഞിന് ജന്മം കൊടുക്കൂ!
നാവിൽ, വചനം തൊട്ടു കൊടുക്കൂ!
ചെവിയിൽ, വചനം ചൊല്ലികൊടുക്കൂ!
നന്മയുടെ മക്കളായി തീർന്നിടുമേ
ശിശുപ്രായത്തിൽ, തന്നെ കൊണ്ടുവരൂ!
പള്ളിയിലേയ്ക്കു കൊണ്ടു വരൂ!
മുൻപന്തിയിൽ തന്നെ നിന്നുകൊണ്ട്
ദിവ്യ കാരുണ്യം അനുഭവിക്കൂ!
ബാലനെ, ചേർത്തു പിടിച്ചുകൊണ്ട്
പ്രാർത്ഥന, ചൊല്ലി പഠിപ്പിച്ചിട്ടു
ആചാര, മര്യാദ കൊടുത്തുകൊണ്ട്
നന്മയിൻ മക്കളായി തീർത്തിടുക.
മക്കളെ, നിങ്ങൾ അറിഞ്ഞിടുക
ഭവനത്തിൽ, നിലനില്ക്കുന്ന ശാപങ്ങൾ
എത്രയെന്ന് പറഞ്ഞുതരാം
കാതോർത്തിരിക്കു, പറഞ്ഞുതരാം
മാതാപിതാക്കടെ കണ്ണീർ വീണാൽ
ഭവനം കുട്ടിച്ചോറാകുമേ
സോദരന്റെ കണ്ണീർ വീണിടുകിൽ
തലമുറയുടെ, വാതിൽ തുറക്കില്ലല്ലോ
അബോർട്ടിനാൽ, ജന്മം തടഞ്ഞിടുകിൽ
ശാപത്തിൻ കണ്ണീർ മാറില്ലപോലും
ദരിദ്രന്റെ കണ്ണീർ വീഴിക്കല്ലേ
നാശത്തിൽ വിത്ത് വിതച്ചീടുമെ
പുരോഹിതന്റെ കണ്ണീർ വീഴിക്കല്ലേ
കയ്പിന്റെ കണ്ണീർ കുടിച്ചിടുമേ
നന്മയുള്ള മക്കളായി തീർന്നിടുവാൻ
ഈശനോടൊത്തു യാത്രചെയ്യൂ
ഈ ലോകജീവിതം ധന്യമാകാൻ
വചനത്താൽ, മക്കളെ നിറച്ചിടുക
തലമുറ അനുഗ്രഹമായിടുവാൻ
മാതാപിതാക്കളെ ചേർത്തു പിടിക്കൂ!
തട്ടിയെടുത്തതും വെട്ടിപ്പിടിച്ചതും
വിട്ടു പിരിഞ്ഞു നാം പോയിടുമേ
നേടിയതൊന്നും കൂടെ പോരില്ല
ആത്മാവു മാത്രം കൂടെ പോരും
നിത്യതയിലെ ഭവനം പണിയാൻ
നന്മയും സ്തുതിപ്പുമാകുന്ന 'പശ'കൊണ്ട്
നിത്യതയിലെ ഭവനം പണിതിടുക
കർത്തന്റെ മണവാട്ടിയായി തീർന്നിടുമേ
സ്വർഗ്ഗത്തിലെ മാലാഖന്മാരെപ്പോലെയാകാൻ
സ്തുതിപ്പിന്റെ മക്കളായി തീർന്നിടുവാൻ
പാപങ്ങളൊക്കെ, ക്ഷമിച്ചുകൊണ്ട്
നീതിയിൽ സൂര്യനെ, കൃപ ഒഴുക്കൂ!

# ഒരു ജീവിതം മാത്രം അതു വേഗം തീർന്നുപോകും ഒരു നിമിഷത്തേപോലും പ്രൊട്ടക്ഷൻ തരാത്ത ലോകം

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

എയ്തുവിട്ട അമ്പും, പറഞ്ഞുപോയവാക്കും, നഷ്ടപ്പെട്ടുപോയ അവസരങ്ങളും മടങ്ങി വരുകിയില്ല. അവസരങ്ങൾ തക്കത്തിൽ ഉപയോഗിച്ചു കൊൾക, സമയവും തിരമാലകളും ആർക്കുവേണ്ടിയും നോക്കി നില്ക്കുകയില്ല. ജീവിതം ഒരു യാത്രയാണ്. സുഖങ്ങളും, ദുഃഖങ്ങളും മനസ്സിൽപേറികൊണ്ട് ദിനരാത്രങ്ങളിലൂടെ കടന്നുപോകുന്ന ഒരു നീണ്ട യാത്ര. ഈ യാത്ര എവിടെ ആരംഭിച്ചു. ഇതിന്റെ അവസാനം എവിടെ? ആറടി മണ്ണിൽ ഒരു പിടി ചാരമായി അവസാനിക്കുമെന്നോ? അല്ല ഒരു ശവക്കല്ലറയിൽ ഈ ജീവിതം ഒടുങ്ങുമെന്നോ? ഈ ജീവിത യാത്രയുടെ ലക്ഷ്യമെന്ത് നമ്മൾ എത്ര തിരക്കുള്ള ആളായാലും ഏതു പദവിയിലുള്ള ആളായാലും മാറിക്കൊടുത്തേ മതിയാവൂ. ഈ ജീവിതമാകുന്ന കമ്പനിയിൽനിന്നു 2024 ഡിസംബർ 31-നകം എത്ര പേർ പിരിഞ്ഞുപോകുമെന്നും ആരൊ ക്കെയാണ് പിരിഞ്ഞു പോകേണ്ടിവരുന്നതെന്നും ആർക്കും ഒരു ലക്ഷ്യവുമില്ല. ഓർക്കാപുറത്തുള്ള പിരിച്ചുവിടീൽ ഇന്ന് നിത്യ സംഭവമായി മാറിക്കൊണ്ടിരിക്കുന്നു. എന്തെങ്കിലും ഒരു പഴുതുണ്ടായിരുന്നെങ്കിൽ സമരം ചെയ്യുകയോ ബന്ദ് പ്രഖ്യാപിക്കുകയോ എന്തെങ്കിലും മാർഗം നോക്കാമായിരുന്നു. പിരിച്ചുവിടിലാകുന്ന മരണവാറണ്ടിന് ഏതെങ്കിലും തരണത്തിൽ റെക്കമെന്റു ചെയ്യാമായിരുന്നെങ്കിൽ വസ്തുവകകൾ എല്ലാം വിറ്റായിരുന്നെങ്കിലും, ആയുസിന്റെ കാലാവധിയാകുന്ന പിരിച്ചു വിടീൽ നീട്ടിവച്ചേനേയായിരുന്നു. ഏതു നിമിഷവും പിരിച്ചുവിടീലിന്റെ ഓർഡർ പ്രതീക്ഷിയ്ക്കാം. അതുകൊണ്ട് ഏതു സമയവും പ്രതീക്ഷയോടെ കാത്തിരിയ്ക്കാം തയ്യാറെടുപ്പോടെ ഇന്നു നടക്കുന്ന ഓരോ സംഭവങ്ങളും നമ്മുടെ നേരെ വിരൽ ചൂണ്ടുന്നുണ്ട് നമ്മുടെ ജീവിതത്തെ ഒന്നു തിരുത്തുവാൻവേണ്ടി.

ഒരിക്കൽ മഹാനായ ഒരു ചക്രവർത്തി മരിക്കുവാൻ സമയമായപ്പോൾ അദ്ദേഹത്തിന്റെ അവസാന ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതി വച്ചു. ഒന്നാമതായി അദ്ദേഹം എഴുതി വച്ചത് എന്റെ മൃതദേഹം കല്ലറയിലേക്കു കൊണ്ടുപോകുന്നത് എന്നെ ചികിത്സിച്ച ഡോക്ടന്മാരും നേഴ്സുമാരും മാത്രമായിരിക്കണം. രണ്ടാമതായി അദ്ദേഹം എഴുതിയത് എന്റെ മൃതദേഹം വഴിയിലൂടെ കൊണ്ടുപോകുമ്പോൾ ഞാൻ നേടിയ എന്റെ പണവും വിലപിടിപ്പുള്ള സാധനങ്ങളെല്ലാം വഴിയിലെല്ലാം വിതറിയിടണം. മൂന്നാമതായി അദ്ദേഹം എഴുതിയത് പെട്ടിയുടെ ഇരുവശത്തുമായി എന്റെ കൈകൾ നിവർത്തിയിടണം. ഒന്നാമതായി അദ്ദേഹം എഴുതി വച്ചതിന്റെ ഉദ്ദേശം എത്ര വിദഗ്ദരായ ഡോക്ടർ ക്കോ നേഴ്സുമാർക്കോ പരിധിക്കപ്പുറമായി ഒരാളെ ചികിത്സിക്കാൻ കഴിയുകയില്ല എന്നു ലോകത്തെ മനസ്സിലാക്കിക്കൊടുക്കാനാണ്. രണ്ടാമതായി അദ്ദേഹം എഴുതി വച്ചതിന്റെ ഉദ്ദേശം എന്തെല്ലാം നേടിയാലും അതിൽനിന്ന് ഒരു പൈസാപോലും കൊണ്ടുപോകുവാൻ കഴിയുകയില്ല എന്നുള്ള സത്യം ലോകത്തിനു മനസിലാക്കികൊടുക്കാനാണ്. മൂന്നാമതായി അദ്ദേഹം എഴുതി വച്ചതിന്റെ ഉദ്ദേശം ജീവിച്ചിരിക്കുമ്പോൾ അന്യായമായും അധർമ്മത്തിലൂടെയും നാം നേടിയെടുക്കുന്ന സ്വത്തുക്കളായാലും സ്ഥാനമാനങ്ങളായാലും പണമായാലും ഒന്നിനും ഒരു വിലയുമില്ല. ഈ ജഡത്തേ സംബന്ധിച്ചു പറയുമ്പോൾ ഇതിനു വിലയിടുകയും കടിപിടി കൂട്ടുകയും ചെയ്യുന്നത് നമ്മൾക്ക് അറപ്പുതോന്നിക്കുന്ന പുഴുക്കളാണ്. ഈ ലോകത്തിൽ നമ്മളാഗ്രഹിക്കുന്ന സ്ഥാപനങ്ങളും മാനങ്ങളും പണവും പ്രതാപവുമൊക്കെ ഈ ജഡത്തിന്റെ മോഹങ്ങളാണ്. നിത്യമായൊരു വാസസ്ഥലം കർത്താവ് ഒരുക്കുന്നുണ്ടെന്ന് നമ്മളു പറയുകയും പാടുകയും ഒക്കെ ചെയ്യും. ഈ ഭൂമിയിൽ നാം വലിയ വില കൊടുത്ത് സ്ഥലംമൊക്കെ മേടിച്ച് സിമിന്റും കട്ടയും കമ്പിയും ഒക്കെ ഉപയോഗിച്ചു അവനവനെകൊണ്ടു കഴിയുന്ന രീതിയിൽ നല്ലവീടുകൾ പണിയും താമസിക്കാൻ പറ്റുമോന്ന് യാതൊരു ഉറപ്പുമില്ല. എന്നാൽ കർത്താവ് നമുക്ക് വാസസ്ഥലമൊരുക്കുന്നത് നാം ഈ ലോകത്തിൽ ചെയ്ത പ്രവർത്തികൾകൊണ്ടാണ് വീടു പണിയുന്നത് അവിടെ എനിക്ക് ഭവനം പണിയാൻ ഞാൻ എന്താണ് സ്വരു കൂട്ടിയത്. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ (റോമ. 14:17).

ദൈവരാജ്യത്തിൽ ചെന്നെത്തുവാനുള്ള പാസ്പോർട്ട്, വിസ ഒക്കെ നമ്മുടെ നല്ല ജീവിതരീതികളാണ്. ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള യോഗ്യത നമുക്കുണ്ടോ. നമ്മുടെ ഇടയിൽ സ്നേഹം വെറും ഭംഗിവാക്കായി മാറി. സ്നേഹം ദീർഘ ക്ഷമയുള്ളതും ദയയുള്ളതും ആകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല, സ്നേഹം കലഹിക്കുന്നില്ല. അഹങ്കരിക്കുന്നില്ല, അത് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു (1 കൊരി.13:4). ക്ഷമയും ദയയും ഒക്കെ നമ്മുടെ ഇടയിൽ ഭംഗിവാക്കായി മാറിയിരിക്കുന്നു. അന്തഃശ്ഛിദ്രമുള്ള രാജ്യം നിലനില്ക്കുകയില്ല. അങ്ങനെയുള്ള ഭവനവും നിലനിൽക്കുകയില്ല (മർക്കോ. 3:24).

ഈ ജനം അടുത്തുവന്ന് വായ്കൊണ്ടു എന്നെ ബഹുമാനിക്കുന്നു. എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്ന് ദൂരത്ത് അകറ്റിവച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി മാനുഷീക ഉപദ്ദേശത്താലും കല്പനയാലുമത്രേ (ഏശാ. 29:13). ഇനിയും ഈ ലോകം സമാധാനം തരുകയില്ല. ആരും ആരെയും കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല അന്ത്യകാലത്ത് ഇതെല്ലാം സംഭവിച്ചേ മതിയാവൂ. ഒന്നായിരുന്ന നമ്മേ ഭിന്നിപ്പിച്ചുകൊണ്ടിരിക്കുന്നതുതന്നെ പൈശാചിക ശക്തിയാണ്. സമാധാനമല്ലല്ലോ പിശാച് ആവതു ശ്രമിയ്ക്കയാണ് അവന്റെ പക്ഷത്ത് ആളിനെ ചേർക്കാൻ. കഴിയുമെങ്കിൽ വൃതന്മാരെപ്പോലും തെറ്റിക്കുമെന്നാണ് വചനം പറയുന്നത്. വീടുംകൂടും ഒക്കെ ഉപേക്ഷിച്ചു യേശുവിന്റെ മണവാട്ടികളായി മാറിയിരുന്ന നമ്മുടെ ഇടയന്മാരുടെ ഇടയിലുള്ള തർക്കങ്ങളും ക്ഷമയില്ലായ്മ ഒക്കെയും പിശാചിന്റെ തന്ത്രങ്ങളാണ്. അവരുടെ കുറ്റമല്ല. പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നമ്മേ വിട്ടുമാറില്ല. ഇന്നും കൂടിയുള്ളു ഈ ജീവിതം എന്നോർത്തുകൊണ്ടും നാളെ ഒരവസരമില്ല എന്ന ചിന്തയിലും എല്ലാവരേയും സ്നേഹിച്ചും ക്ഷമിച്ചും ജീവിതം അവസാനിപ്പിയ്ക്കാം.

ചെറുകഥ

# സ്നേഹപ്പുഴ

മറിയാമ്മ ജേക്കബ്, താഴ്ചയിൽ, കുറ്റൂർ

നല്ല കുളിർതെന്നൽ വീശുന്നു. ആദ്യമതൊരു സുഖമായി ത്തോന്നി. എന്നാൽ കുളിരിന്റെ ആധിക്യമേറിവരുന്നു. ചുറ്റിലും പ്രകാശം ഒളി വിതറുന്നു. ആരുടെയൊക്കെയോ കാൽപെരുമാറ്റം കേൾക്കാം. ചില മർമ്മരങ്ങളും. ഓരോരുത്തരായി വന്നു ചേരുന്നവർ അടുത്തുവന്നു നിൽക്കുന്നു.. നോക്കുന്നു.. നെടുവീർപ്പിടുന്നു... കൈയ്യിലിരിക്കുന്നതെന്തോ അത് തന്റെ മുകളിലേക്ക് വയ്ക്കുന്നു. ഭാരം കൂടിട്ടാണോ എന്നറിയില്ല...മറ്റൊരാൾ അതെല്ലാമെടുത്ത് താഴേക്ക് മാറ്റി വയ്ക്കുന്നു. എഴുന്നേറ്റ് ഒന്നുനോക്കണമെന്നുണ്ട്... പക്ഷേ തനിക്കു കഴിയുന്നില്ല. എപ്പോഴും ചലിച്ചുകൊണ്ടിരുന്ന കൺപീലികൾ ഇളകുന്നില്ല. കണ്ണു തുറന്നു നോക്കാൻ കഴിയുന്നില്ല. ഏതോ വിലാപഗാനത്തിന്റെ ഈരടികൾ കാതിൽ വന്നണയുന്നു. ദൂരെ... വയലിനപ്പുറത്തെ സ്കൂൾമൈതാനിയിൽ വച്ച സൗണ്ട്ബോക്സിൽ നിന്നും കേൾക്കുന്നതുപോലെ...

എന്തായാലും ഒരിക്കൽക്കൂടി ശ്രദ്ധിക്കാം. "പോകുന്നേ ഞാനും നാഥന്റെ ചാരേ പിറ്റേന്നൊപ്പമുണർന്നിടാൻ..." ആരോ ഈണത്തിൽ പാടുന്നത് കേൾക്കാൻ നല്ല രസം. 'ഞങ്ങളുടെ ആയുഷ്കാലം എഴുപതു സംവത്സരം. ഏറെ ആയാൽ എൺപതു സംവത്സരം. അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ. അതുവേഗം തീരുകയും ഞങ്ങൾ പറന്നുപോകയും ചെയ്യുന്നു.' ആരോ ദൈവവചനം വായിക്കുന്നത് കേൾക്കുന്നുണ്ടല്ലോ..

ഇത്രയും നാൾ താൻ ഓടിനടന്ന് ജോലി ചെയ്ത വീട്ടിൽ... തിണ്ണയിലെ ഒരു മേശപ്പുറത്ത്... ഈ പെട്ടിയ്ക്കകത്ത് കിടക്കുമ്പോൾ... കഴിഞ്ഞകാലം ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം പോലെ ഉള്ളിൽ തെളിയുന്നു.

സന്തോഷത്തിന്റെ നിറമാലകൾ മാറിൽ ചാർത്തിയൊരുങ്ങിയ സന്ധ്യപോലെ ദിനരാത്രങ്ങൾ.. മഞ്ഞു പെയ്തിറങ്ങിയ ക്രിസ്തുമസ് രാവുകൾ... കരോൾ ഗാനങ്ങൾ അലയടിക്കുന്ന ഗ്രാമാന്തരീക്ഷം. "സ്വാമിയേ... അയ്യപ്പോ. വിളികൾ പ്രതിധ്വനിച്ച സന്ധ്യകൾ. ഈ പാവങ്ങൾ മലകയറുമ്പോൾ പുലിവരാതെ കാക്കണേ... എന്ന് ആരോരുമറിയാതെ ഉള്ളിൽ പ്രാർത്ഥിച്ച നിമിഷങ്ങൾ. ആർപ്പുവിളികളും ഓണപ്പാട്ടുകളും മുഴങ്ങിയ സായന്തനങ്ങൾ. കടുവകളിയ്ക്കിടയിൽ ഏത് നേരമാണോ വേട്ടക്കാരൻ മുന്നിൽ കളിക്കുന്ന കടുവയെ വെടിവയ്ക്കുന്നതോർത്ത് ചങ്കു പിടച്ച നിമിഷങ്ങൾ. ഊഞ്ഞാലാടി... ഓടിച്ചാടി... പാട്ടുമൂളി നടന്ന നാളുകൾ. മഴനനഞ്ഞാലും വേണ്ടില്ല പുത്തൻശീലക്കുടയും പുത്തൻമണം മാറാതിരിക്കാൻ കുടയെ നെഞ്ചോട് ചേർത്ത്വച്ച് ഓടിയ നാട്ടുവഴി മുന്നിൽ തെളിയുന്നു. ഉറുമ്പുതിന്ന കുട നിവർത്തിയപ്പോൾ ഉള്ളിലൊരു കറുത്ത വാനവും നക്ഷത്രങ്ങളും.

എഴുത്തോലയും കൈയിലേന്തി നടന്ന കുന്നുകൾ. പൊട്ടുന്ന സ്ലേറ്റ് പൊട്ടാതിരിക്കാൻപെട്ട പെടാപ്പാടുകൾ. നല്ല ഭംഗിയുള്ള അക്ഷരങ്ങൾ മായ്ച്ചു കളയാൻ 'കാക്കത്തുട' കൈയിലെടുത്തപ്പോഴുണ്ടായ നൊമ്പരം.

കാച്ചിയമോരും ചക്കക്കുരു മെഴുക്കുപുരട്ടിയുമുള്ളിൽ തെളിയുന്നു. ഉപ്പേരിയും കടുകടയ്ക്കയും പരിപ്പുവടയുമൊക്കെ തിന്ന് ആടിപ്പാടി നടന്ന ദിനങ്ങൾ... പൊന്നോണത്തുമ്പിയെ പിടിക്കാൻ ഇളം വെയിലിൽ ഓടിനടന്നപ്പോൾ കൺപീലിക്കിടയിൽ കണ്ട മഴവില്ല്... മാഞ്ഞുപോയപ്പോൾ വീണ്ടും വെയിലിൽപോയി നിന്നതിന് കേട്ട വഴക്ക്. "പനി പിടിപ്പിക്കാതെ തണലിൽ പോയിരിക്ക് കുഞ്ഞേ"

ആരോരുമറിയാത്ത സന്തോഷങ്ങളും സങ്കടങ്ങളും. പൂക്കളും പൂത്തുമ്പിയുമൊക്കെ സ്വന്തമായിരുന്ന കാലം. കാലത്തിന്റെ കുത്തൊഴുക്കിൽ കടന്നുപോയ വഴികളെല്ലാമുള്ളിൽ തെളിയുന്നു. വേനൽച്ചൂടിൽ മധുരം നൽകിയ തേന്മാവ്... ഋതുക്കളുടെ കണ്ണീരിൽ ദിനരാത്രങ്ങളൊലിച്ചു പോയി. മുല്ലപ്പൂവും ഇലഞ്ഞിപ്പൂവും മാലകെട്ടാൻ ഇണങ്ങിനിന്ന കാലം. പുഴയിലെ കുഞ്ഞുമീനിനെ പിടിയ്ക്കാൻ വെള്ളത്തിലിറങ്ങി അനങ്ങാതെ എത്രനേരം നിന്നു എന്നറിയില്ല. അടുത്തെത്തുമ്പോഴേക്കും അവ തെന്നി നീങ്ങിയകന്നുപോയി. കാലത്തിന്റെ നാട്ടുവഴിയിലെ വിടെയൊക്കെയോയിരുന്ന് പ്രകൃതിയും ഋതുഭേദങ്ങൾ കരളിലൊപ്പിയെടുത്ത നാളുകൾ.

മണ്ഡലമാസപ്പുലരികൾ പൂക്കും പൂങ്കാവനങ്ങൾ... ടാറിടാത്ത ചെമ്മൺപാതയിലൂടെ ചെരിപ്പിടാതെ നടന്നപ്പോഴുണ്ടായ 'കല്ലുകാച്ചിയ' അനുഭവം. വേദനമാറാൻ തൊണ്ടുപഴുപ്പിച്ച് ചവുട്ടിനിന്നപ്പോൾ സർവ്വ വേദനയും മറന്നു!

കണിക്കൊന്ന പൂത്ത ദിന രാത്രങ്ങൾക്കു പിന്നാലെ കലിയിളകിയാർത്ത കൊടുങ്കാറ്റുകൾ കടലിരമ്പങ്ങളും വെള്ളിടികളും... ഇരുണ്ടുമൂടിയ കാർമേഘങ്ങളുമൊക്കെ ഉണ്ടെങ്കിലും ഉദയ സൂര്യന്റെ ചുവന്ന കിരണങ്ങൾക്ക് എന്ത് കാന്തി... ശക്തി... ഊർജ്ജം.. രാവും പകലും കാറ്റും മഴയും ചൂടും തണുപ്പും കറുപ്പും വെളുപ്പുമെല്ലാം ജഗദീശ്വരന്റെ കേളികളായിരുന്നുവെന്ന് തിരിച്ചറിയുന്നു, ഇതൊക്കെ എഴുന്നേറ്റിരുന്ന് ഒന്നുപറയണമെന്നുണ്ട് പക്ഷേ... നാവനക്കാൻ കഴിയുന്നില്ല. നെഞ്ചിൽ വച്ചിരിക്കുന്ന പൂക്കളുടെ സുഗന്ധം അനുഭവിക്കാൻ കഴിയുന്നില്ല. "നീ ലോകമേ സത്യമാണോ? നിന്റെ നീൽയുമിമ്മട്ടിലാണോ? എന്ന് വെറുതെയല്ല കവി ചോദിച്ചത്.

തിരിച്ചറിയുന്ന സത്യങ്ങൾ വെളിപ്പെടുത്താനാകാതെ മടങ്ങുന്ന ജന്മങ്ങൾ! സ്നേഹം കൈയ്യെത്തുന്നിടത്തിരിക്കുമ്പോഴും അതെടുക്കാൻ കഴിയാതെയുള്ളിൽ തോന്നുന്ന കുറുമ്പ്. ഇതൊക്കെ ആസ്വദിക്കാൻ കഴിയുമ്പോൾ തന്നെ ആസ്വദിച്ചു തുടങ്ങുക. ഹൃദയം റബ്ബർബാന്റുപോലെ വലിച്ചു നീട്ടുക... പൊട്ടിക്കരുത്. നവഗ്രഹങ്ങളെ ചേർത്തുവയ്ക്കുന്ന ആകാശഗംഗപോലെ ആ സ്നേഹമൊഴുകട്ടെ... ജന്മാന്തരങ്ങളിലൂടെ.... ഏഴു നിറങ്ങൾ ചേരുമ്പോൾ ധവളനിറമാകുന്നതുപോലെ... ഒന്നായ്ച്ചേരാം.. ഒഴുകാം... ഈ പ്രപഞ്ചസീമയ്ക്കപ്പുറത്തേക്ക് നിത്യപ്രകാശത്തിലലിയുംവരെ.

# മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്

മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിന്റെ ഗുണഭോക്താക്കളിൽ ഇതിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന ഒരു ന്യൂനപക്ഷം സമുദായ അംഗങ്ങളെങ്കിലും ഉള്ളതിൽ അതിയായ സന്തോഷമുണ്ട്. അവരുടെ നിർലോഭമായ സഹകരണം ഒന്നുകൊണ്ടു മാത്രമാണ് M.S.E Trust ഇന്ന് പ്രവർത്തിച്ചുപോകുന്നത്. ഈ ട്രസ്റ്റിന്റെ ഗുണഭോക്താക്കളായ അനേകർ ഇന്ന് ലോകത്തിന്റെ നാനാഭാഗത്തും നല്ല നിലയിൽ ജോലി ചെയ്ത് ജീവിക്കുന്നുണ്ട്. ഞങ്ങൾക്കതിൽ സന്തോഷവും അഭിമാനവുമേയുള്ളൂ. ഇന്ന് ഉപരി പഠനത്തിനായി ട്രസ്റ്റിനെ സമീപിക്കുന്നവരെ അവർ തീർത്തും വിസ്മരിച്ചുകളയരുതെന്ന് വളരെ വിനയത്തോടെ ഓർമ്മപ്പെടുത്തട്ടെ. ബഹു. വികാരിമാർക്ക് അതാതു പള്ളികളിലെ കുടിശിഖ ലിസ്റ്റ് അയച്ചുകൊടുത്തിട്ടുള്ളതാണ്. ബഹു.വികാരിമാർ പള്ളികളിൽ ഈ കാര്യം പ്രസ്താവിച്ചിട്ടും ഉണ്ട്. ഈ വിവരം ക്നാനായ ദീപം മാസികയിലൂടെ പല പ്രാവശ്യം അറിയിച്ചിട്ടുള്ളതുമാണ്. എന്നിട്ടും യാതൊരു പ്രതികരണവും ഉണ്ടാകാത്തതിനാലാണ് ഇങ്ങനെയൊക്കെ എഴുതേണ്ടി വരുന്നത്. കവർപിരിവ് ലഭിക്കാത്ത പള്ളികളിൽ നിന്നും, ഒരു ലക്ഷത്തിൽ കൂടുതൽ രൂപാ കുടിശിഖ ഉള്ള പള്ളികളിൽ നിന്നും ഉള്ള അപേക്ഷകൾ തൽക്കാലം പരിഗണിക്കുന്നതല്ല. വലിയ തുക കുടിശിഖയുള്ളവരുടെ പേരുകൾ ക്നാനായ ദീപം മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇതൊക്കെയാണെങ്കിലും സാമ്പത്തിക ലഭ്യത അനുസരിച്ച് പരമാവധി അപേക്ഷകർക്ക് ലോൺ കൊടുത്തുകൊണ്ടിരിക്കുന്നു.

ആഗസ്റ്റ് മാസം നടത്തിയ മോർ സേവേറിയോസ് ദിന കവർ പിരിവ് ഇനത്തിൽ ഇതുവരെ 17 പള്ളികളിൽ നിന്നും 169411/- രൂപാ ലഭിച്ചു എന്നറിയട്ടെ.

**പള്ളികളുടെ പേരും ലഭിച്ച തുകയും**

| | |
|---|---|
| 1. കുറ്റൂർ സെന്റ് മേരീസ് ഊർശ്ലേംപള്ളി | Rs.27250/- |
| 2. ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി | " 22350/- |
| 3. തുരുത്തിക്കാട് സെന്റ് ജോൺസ് പള്ളി | " 20001/- |
| 4. ചിങ്ങവനം സെന്റ് ജോൺ പുത്തൻപള്ളി | " 20,000/- |
| 5. കോട്ടയം സെന്റ് മേരീസ് വലിയപള്ളി | " 17500/- |
| 6. വാകത്താനം സെന്റ് സൈമൺസ് പള്ളി | " 15000/- |
| 7. മന്ദമരുതി സെന്റ് തോമസ്പള്ളി | " 12500/- |
| 8. മഴുക്കീർ സെന്റ് മേരീസ് പള്ളി | " 10010/- |
| 9. ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളി | " 9300/- |
| 10. രാമമംഗലം സെന്റ് ജേക്കബ്സ് വലിയപള്ളി | " 9000/- |
| 11. നീലംപേരൂർ സെന്റ് ജോർജ്ജ് വലിയപള്ളി | " 7000/- |
| 12. ഇടക്കുളം സെന്റ് തോമസ്പള്ളി | " 5000/- |
| 13. വെച്ചൂച്ചിറ സെന്റ് മേരീസ് പള്ളി | " 3350/- |
| 14. അഞ്ചാനി സെന്റ് ജോർജ് പള്ളി | " 2000/- |
| 15. ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളി | " 1250/- |
| 16. കട്ടപ്പന സെന്റ് മേരീസ് പള്ളി | " 1000/- |
| 17. വെൺപാല സെന്റ് ജോർജ് പള്ളി | " 1000/- |
| 18. ഇറഞ്ഞാൽ സെന്റ് മേരീസ് പള്ളി | " 900/- |

കവർ പിരിവിൽ സഹകരിച്ച പള്ളികളോടും, ബഹു. വികാരിമാരോടും, പള്ളി കോ-ഓർഡിനേറ്റർമാരോടും ഉള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. കവർ പിരിവ് അയച്ചു തരാത്ത പള്ളികൾ എത്രയും വേഗം തുക അയച്ചു തന്ന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ട്രസ്റ്റിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന സമുദായ സ്നേഹികളോടുള്ള നന്ദി അറിയിക്കുന്നു.

സസ്നേഹം
എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

**ഫാ. കെ. കെ ഏബ്രഹാം, കുറ്റിയിൽ**
9447360743

**തമ്പാൻ തോമസ്, കോളഭാഗത്ത്**
9447216944



ഇരുപത്തി മൂന്നാമത് ക്നാനായ കൺവൻഷൻ ഫണ്ട് ഉദ്ഘാടനം ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സുവിശേഷ സമാജം ട്രസ്റ്റി സജി മുണ്ടയ്ക്കലിന് നൽകി നിർവ്വഹിക്കുന്നു. ഫാ. മെറ്റോ ജേക്കബ് വെട്ടിപ്പറമ്പിൽ, സുവിശേഷ സമാജം ചിങ്ങവനം മേഖല വൈസ് പ്രസിഡന്റ് ഫാ. ചിക്കു ബേബി കാരിമറ്റത്തിൽ, ക്നാനായ കൺവൻഷൻ ജനറൽ കൺവീനർ എം.പി. തോമസ് മംഗലത്ത്, സുവിശേഷ സമാജം വൈസ് പ്രസിഡന്റ് ഫാ. ബെന്നി ഏബ്രഹാം മാമലശ്ശേരിൽ, ജനറൽ സെക്രട്ടറി ജിജി ഏബ്രഹാം കറുകയിൽ, ജോ. സെക്രട്ടറി തങ്കച്ചൻ ഇടയാടിച്ചിറ, കേന്ദ്ര കമ്മറ്റി അംഗങ്ങളായ ഉതുപ്പാൻ മൂഴിപ്പാറ, ഷിബു ജേക്കബ് കുന്നുപുറത്ത്, ചിങ്ങവനം മേഖല സെക്രട്ടറി ബാബു ഇല്ലത്തുപറമ്പിൽ, സാബു മഠത്തിപ്പറമ്പിൽ എന്നിവർ സമീപം.

# കുപ്പയിലെ മാണിക്യം

**സീമ ഷിന്റോ കന്നിയേൽ, റാന്നി**

**1** ശമുവേൽ 2:8 "അവൻ ദരിദ്രനെ പൊടിയിൽ നിന്നും നിവിർത്തുന്നു. അഗതിയെ കുപ്പയിൽ നിന്നും ഉയർത്തുന്നു. പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാനും മഹിമാസനം അവകാശമായി നൽകുവാനും തന്നെ". "He raises the poor from the dust and lifts the needy from the ash heap. He seats them with princes and has them inherit a throne of honor"

1 ശമുവേൽ 2-ാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ നാം കാണുന്ന വചനമാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ദരിദ്രനെ പൊടിയിൽ നിന്നും എഴുന്നേൽപ്പിക്കുന്ന നമ്മുടെ ദൈവം. ലോകം ദരിദ്രനെ പൊടിയിലേയ്ക്ക് തള്ളിയിടാനും, ചവിട്ടിമെതിക്കാനും മാത്രം ശ്രമിക്കുമ്പോൾ അവനെ പൊടിയിൽ നിന്നും എഴുന്നേൽപ്പിക്കുന്നവനാണ് നമ്മുടെ ദൈവം. അഗതിയെ കുപ്പയിൽ നിന്നും ഉയർത്തി പ്രഭുക്കൻമാരോട് കൂടെ ഇരുത്തുന്നു. ആശയറ്റവരുടെയും അനാഥരുടെയും ജീവിതത്തിൽ പുതിയ വെളിച്ചം പകരുന്നവനാണ് നമ്മുടെ ദൈവം. യഹോവ ജ്ഞാനമുള്ള ദൈവമാണ്. വീരന്മാരുടെ വില്ലുകൾ ഒടിഞ്ഞുപോയേക്കാം. എന്നാൽ ഇടറിയവരോ ബലം ധരിക്കുന്നു. യഹോവയാണ് ദാരിദ്രവും ഐശ്വര്യവും നൽകുന്നത്. യഹോവ നീതിമാനെ അനുഗ്രഹിക്കുകയും പരിചകൊണ്ടെന്നപോലെ ദയകൊണ്ട് അവനെ മറയ്ക്കുകയും ചെയ്യും. അങ്ങേയറ്റം ദരിദ്രരും പൊടിയിൽ ഇരുന്ന് യാചിക്കുന്നവരുമായ വളരെ താഴ്ന്ന അവസ്ഥയിലുള്ള വ്യക്തികളെ വളരെ ഉയർന്നതിലേയ്ക്ക് ഉയർത്താനും ദൈവത്തിനു കഴിയും. ബലമില്ലാത്തവർക്ക് അവിടുന്ന് ബലം നൽകുന്നു. നിഷ്കളങ്കരെ താങ്ങുന്നു. പീഡിതർക്ക് അവിടുന്ന് ആശ്വാസം നൽകുന്നു. ദുഃഖിതൻമാരെ ആശ്വസിപ്പിക്കുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവരെ ധൂളിയിൽ എഴുന്നേൽപ്പിച്ച് സകല നന്മകളും നൽകും എന്നുള്ളതിന് ഉത്തമ ഉദാഹരണമാണ് ബൈബിളിലെ ജോസഫിന്റെ കഥ. നമ്മുടെ ദൃഷ്ടി ദൈവത്തിൽ ഉറപ്പിക്കുകയും അവനിൽ ആശ്രയിക്കാൻ തീരുമാനിക്കുകയും ചെയ്യുമ്പോൾ ഭാരിച്ച സാഹചര്യങ്ങൾപോലും ലഘൂകരിക്കാൻ കഴിയുമെന്ന് ജോസഫ് നമുക്ക് കാണിച്ചു തരുന്നു. ദൈവം തന്നെ സ്നേഹിക്കുന്നവരുടെ നന്മയ്ക്കായി എല്ലാം ഒരുമിച്ച് പ്രവർത്തിക്കാൻ ദൈവം ഇടയാക്കുന്നു. യാക്കോബിന്റെ മക്കളിൽ ഏറ്റവും പ്രിയപ്പെട്ട ജോസഫിനെ അസൂയാലുക്കളായ സഹോദരൻമാർ വെറുക്കുന്നു. അപ്പൻ തങ്ങളെ എല്ലാവരേക്കാളും അധികം അവനെ സ്നേഹിക്കുന്നു എന്ന് ജോസഫിന്റെ സഹോദരൻമാർ കണ്ടിട്ട് അവനെ പിടികൂടി മിദ്യാന്യരുടെ കൈയ്യിലേയ്ക്ക് ഇരുപത് വെള്ളിക്കാശിന് വിറ്റുകളഞ്ഞു.

പിന്നീട് ജോസഫിന് അഭിമുഖീകരിക്കേണ്ടിവന്ന വേദനകൾ അനവധിയാണ്. പക്ഷെ ആ പ്രതിസന്ധികളുടെ മദ്ധ്യത്തിലും ദൈവവിശ്വാസത്തിൽ മുറുകെപിടിച്ച ജോസഫിനെ യഹോവ താങ്ങി. കുപ്പയിൽ നിന്നും ജോസഫിനെ മാണിക്യമാക്കിതീർത്തു. മിസ്രയീമിൽ ഒരു അടിമയായി എത്തിയ ജോസഫ് ആ ദേശത്തെ തന്നെ ഭരണാധികാരിയായി തീരുന്നു. ദൈവത്തിൽ വിശ്വാസവും പ്രത്യാശയും ഉള്ളവരെ കുപ്പയിൽ നിന്നും ഉയർത്തും എന്ന വാഗ്ദാനം ഈ നിമിഷത്തിൽ അടിവരയിട്ട് ഉറപ്പിക്കുകയാണ്.

മർക്കോസിന്റെ 12-ാം അദ്ധ്യായത്തിൽ വിധവയുടെ ചില്ലിക്കാശിനുണ്ടായ പ്രാധാന്യത്തെക്കുറിച്ച് നാം വായിക്കുന്നു. യേശു ശ്രീഭണ്ഡാരത്തിനു നേരെ ഇരിക്കുമ്പോൾ പുരുഷാരം ഭണ്ഡാരത്തിൽ പണം ഇടുന്നത് നോക്കിക്കൊണ്ടിരുന്നു. ധനവാൻമാരും പ്രമാണികളും വളരെയധികം പണം ഭണ്ഡാരത്തിൽ നിക്ഷേപിച്ചു. പക്ഷെ ദരിദ്രയായ ഒരു വിധവ വന്ന് ഒരു പൈസയ്ക്ക് ശരിയായ രണ്ട് കാശ് ഇട്ടു. അപ്പോൾ യേശു ശിഷ്യൻമാരെ അടുക്കൽ വിളിച്ചു, ഭണ്ഡാരത്തിൽ ഇട്ട എല്ലാവരേക്കാൾ ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു എന്നു പറഞ്ഞു. ദരിദ്രയായ ആ വിധവയുടെ ചില്ലിക്കാശാണ് യേശു തമ്പുരാൻ കൂടുതൽ വിലയുള്ളതായി കണ്ടത്. അതുകൊണ്ട് ഇന്ന് എത്ര ദാരിദ്രമുള്ള അവസ്ഥയിലൂടെ കടന്നുപോവുകയാണെങ്കിലും ധൂളിയേ സമാനമായ നിലത്തോളം താഴ്ത്തപ്പെട്ട അവസ്ഥയിലാണെങ്കിലും പതറുകയോ വേദനിക്കുകയോ ചെയ്യരുത്. ദരിദ്രനെ പൊടിയിൽ നിന്നു എഴുന്നേൽപ്പിക്കുവാനും അഗതിയെ കുപ്പയിൽ നിന്നും ഉയർത്തുവാനും കഴിവുള്ള ദൈവത്തിലുള്ള വിശ്വാസം മുറുകെ പിടിക്കുക. ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കും. കാരണം യഹോവ നമ്മുടെ ശരണവും, കോട്ടയും രക്ഷകനും നാം ശരണമാക്കുന്ന പാറയും പരിചയും, രക്ഷയുടെ കൊമ്പും നമ്മുടെ ഗോപുരവും ആകുന്നു. വിശ്വസിക്കുക, മുന്നേറുക. ദൈവം അനുഗ്രഹിക്കട്ടെ.



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**അന്നമ്മ മാത്യു**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**തോമസ് & ജിനിൽ, കാരക്കാട്ട്**

# ഏവൻഗേലിയോൻ ദീപം



ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

**യെൽദോ പെരുന്നാളിന് മുമ്പുള്ള ഞായർ (22-12-2024) (വി.മത്തായി.1:1-17).**

**തലമുറകളിലൂടെയുള്ള തീർത്ഥയാത്ര**

മനുഷ്യാവതാരം ചെയ്ത യേശുവിന് വിശ്വാസിയുടെ ജീവിതത്തിൽ എന്തു പ്രസക്തിയാണ് ഉള്ളത്? വി. മത്തായി 1:1-17 വരെയുള്ള വേദഭാഗത്ത് ദൈവപുത്രനായ യേശു മനുഷ്യനായി നമ്മെപ്പോലെ ദാവീദിന്റെ കുലത്തിലും വംശത്തിലും ജനിക്കുന്നത് വിവരിച്ചിരിക്കുന്നു. ദൈവപുത്രനാണെങ്കിലും നമ്മിൽ ഒരുവനായ യേശുവിന് നമ്മുടെ ജീവിതത്തിൽ ഉള്ള പ്രാധാന്യം വംശാവലിയുടെ ചിത്രീകരണത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

ഇവിടെ വംശാവലിയുടെ ആരംഭം കുറിക്കുന്നത് അബ്രഹാമിൽ നിന്നാണെങ്കിൽ ലൂക്കോസിലാകട്ടെ ആദാമിലാണ് തുടക്കം കുറിക്കുന്നത്. മത്തായി വംശാവലിയെ മൂന്നായി തിരിച്ചിരിക്കുന്നു. മൂന്നും യിസ്രായേൽ ജനതയുടെ വിശ്വാസ രൂപീകരണത്തിലും, ദൈവശാസ്ത്ര പ്രമാണങ്ങളിലും അടിസ്ഥാനമായതുമാണ്. അത് അബ്രഹാം മുതൽ ദാവീദ് വരെയും ദാവീദ് മുതൽ പ്രവാസം വരെയും പ്രവാസം മുതൽ മ്ശിഹാ വരെയും ആയി തിരിച്ചിരിക്കുന്നു. മൂന്ന് ഭാഗങ്ങളും വിശ്വാസിയുടെ ജീവിതത്തിൽ യേശുവിന് ഉള്ള പ്രാധാന്യത്തെ കുറിക്കുന്നു.

**പ്രത്യാശയുടെ ഉറവിടമായ യേശു:**

അബ്രഹാമാണ് ഈ ഭാഗത്തെ പ്രധാന കഥാപാത്രം. അബ്രഹാമാകട്ടെ മനുഷ്യജാതിക്കെല്ലാം പ്രത്യാശയുടെ അടിസ്ഥാനമാണ്. ദൈവികകല്പനയെ ചോദ്യം ചെയ്യാതെ അനുസരിച്ചതും ദൈവിക വാഗ്ദത്തങ്ങൾ നിറവേറ്റപ്പെടാൻ താൻ ഒരു മുഖാന്തിരമായതും വിശ്വാസികൾക്ക് മാതൃകയാണ്. അബ്രഹാമിന്റെ തലമുറയിൽ ഭൂമിയിലേക്ക് അവതരിച്ച യേശുവും ലോകത്തിന് പ്രത്യാശയുടെ സന്ദേശമാണ് നല്കുന്നത്. നിരാശ നിറഞ്ഞ സമൂഹത്തിൽ പ്രത്യാശയുടെ ഉറവിടമായി വിളങ്ങുന്ന യേശുവിനെ നമ്മുടെ നാഥനും, കർത്താവും ആയി അംഗീകരിക്കുന്നവർക്ക്, യേശു പ്രത്യാശ സമ്മാനിക്കുന്നു. വി. മാമോദീസായിലൂടെ ക്രിസ്തുവിന്റേതാക്കി മാറ്റപ്പെട്ട നമ്മുക്ക് നമ്മുടെ ജീവിതത്തിൽ മറ്റുള്ള എല്ലാത്തിനും ഉപരി ജീവിതത്തിന്റെ പ്രഥമകേന്ദ്രമായി ക്രിസ്തുവിനെ അംഗീകരിക്കാം. യേശുവാണ് നമ്മുടെ ആശ്രയമാകേണ്ടത്. ലോകത്തിലെ ധനത്തിലും, സൗകര്യങ്ങളിലും, സ്ഥാനമാനങ്ങളിലും പ്രശംസിക്കാതെ, ക്രിസ്തുവാകുന്ന ഉറവയിൽനിന്ന് കോരികുടിക്കാനുള്ള ഉദ്യമം വിശ്വാസികളെ വിശ്വാസ ജീവിതത്തിൽ തീഷ്ണതയുള്ളവരാകട്ടെ.

**ആഹ്വാനത്തിന്റെ ഉറവിടമായ യേശു.**

വംശാവലയിൽ രണ്ടാമത്തെ സ്ഥാനം അലങ്കരിപ്പിക്കുന്ന വ്യക്തി ദാവീദാണ്. ദൈവത്താൽ ദൗത്യം ഭരമേല്പിക്കപ്പെട്ട ദാവീദ് ഭൗതികമായ ലോകത്തെ തേടി യാത്ര ചെയ്തെങ്കിലും തന്റെ തെറ്റിനെക്കുറിച്ചുള്ള ബോധ്യം ഉണ്ടായി അനുതപിച്ച് ദൈവത്തിന്റെ പ്രിയപുത്രനാകുന്നു. ദൈവജനത്തിന് പശ്ചാത്താപത്തിന്റെ പ്രതീകമായും, മാതൃകയായുമാണ് ദാവീദ് നിലനില്ക്കുന്നത്. ദാവീദിന്റെ കുലത്തിൽ ജനിച്ച യേശുവും ലോകത്തിലേക്ക് കടന്നുവന്നത് ദൈവത്തിൽനിന്ന് അകന്നവരെ ദൈവത്തിലേക്ക് അടുപ്പിക്കാനാണ്. അനുതാപത്തിന്റെയും പശ്ചാത്താപത്തിന്റെയും ആഹ്വാനം യേശു നല്കുന്നു.

**രക്ഷയുടെ ഉറവിടമായ യേശു.**

മ്ശിഹായായി യേശു കടന്നുവരുന്നതിന്റെ ചിത്രീകരണത്തോടെയാണ് വംശാവലിക്ക് അന്ത്യം കുറിക്കുന്നത്. മ്ശിഹായായ യേശു ലോകത്തിന് നല്കുന്നതാകട്ടെ രക്ഷയുടെ അനുഭവമത്രെ. ലോകത്തിനുള്ള ദൈവീകവാഗ്ദാനമായ വീണ്ടെടുപ്പ് യാഥാർത്ഥ്യമാക്കുന്നത് യേശുവിലൂടെയാണ്. പിതാവായ ദൈവം, യേശുവിനെ ലോകത്തിലേക്ക് അയച്ചത് താൻ ലോകത്തിന് നല്കിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനാണ്. നാമാകുന്ന ഓരോ വിശ്വാസിയും നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിലേക്ക് എത്തി, അവനിലൂടെ ദൈവികരക്ഷയെ പ്രാപിക്കാനുള്ള അവസരത്തെ പ്രയോജനപ്പെടുത്തുക.

**ജനനപ്പെരുന്നാൾ (ഡിസംബർ 25)**

**അനുഭവമാകേണ്ട ക്രിസ്തുമസ്**

ഒരു ക്രിസ്തുമസ്കൂടെ ആഗതമാകുന്നു. അതിക്രമവും, ദുഷ്ടതയും മൂലം ദൈവത്തിൽ നിന്ന് അകന്ന മനുഷ്യരെ പാപമോചനത്തിനർഹരാക്കി ദൈവത്തിലേക്ക് അടുപ്പിക്കാനായി ദൈവപുത്രനായ യേശു മനുഷ്യനായി ലോകത്തിലേക്ക് അവതരിച്ചതിന്റെ സ്മരണയാണ് ഈ സുദിനം.

ക്രിസ്മസ് എന്നത് ചരിത്രത്തിൽ അരങ്ങേറിയ ഒരു യാഥാർത്ഥ്യമാണെന്ന് എ.ഡി.യും ബി.സി.യും തമ്മിലുള്ള തിരിവ് ഉറപ്പിക്കുന്നു. മ്ശിഹായെന്ന യേശു ലോക വിമോചകനായി യഹൂദ്യകുടുംബത്തിൽ അത്ഭുതകരമായി അവതരിച്ചു. വി. ബൈബിൾ വിവരണപ്രകാരം ദൈവം പരിശുദ്ധാത്മാവിലൂടെ മറിയ എന്ന സാധാരണ യുവതിയിൽനിന്ന് ലോകത്തിൽ ഭൂജാതനായി.

**ദൈവപദ്ധതിയായ ക്രിസ്തുമസ്**

യേശു ലോകത്തിലേക്ക് ജന്മമെടുത്തത് ദൈവത്തിന്റെ ഒരു പദ്ധതിയായിട്ടാണ്. മനുഷ്യകുലം ദൈവത്തിൽനിന്നും അകന്ന് പാപാവസ്ഥയിലാണെന്നും, ആ അകൽച്ച നികത്തി ദൈവത്തോടു നിരക്കുവാൻ പുണ്യപ്രവർത്തികളാലോ, ജ്ഞാനസമ്പാദ്യത്താലോ ഉള്ള സ്വന്ത പ്രയത്നംമൂലം സാധ്യമല്ലെന്ന് വി.ബൈബിൾ പ്രഖ്യാപിക്കുന്നു. കാരണം പാപസ്വഭാവം നിലനിൽക്കുന്നിടത്തോളം മനുഷ്യന്റെ പ്രവർത്തികളെല്ലാം പാപക്കറ പുരണ്ടതായിരിക്കും. അതുകൊണ്ട് മനുഷ്യരക്ഷ ദൈവത്തിന്റെ പ്രവർത്തിമുഖാന്തിരമേ സാധിക്കൂ. ഇതിന്റെ നിവൃത്തീകരണം സാധ്യമാക്കാനാണ് ദൈവപുത്രനായ യേശു ലോകത്തിലേക്ക് അവതരിച്ചത്. അതിലൂടെ ദൈവം ലോകസ്രഷ്ടാവ് മാത്രമല്ല രക്ഷകനായും പരിലസിക്കുന്നു എന്ന യാഥാർത്ഥ്യം വെളിവാക്കുന്നു.

**സ്രഷ്ടാവ് സൃഷ്ടിയായ ക്രിസ്തുമസ്**

യേശുവിന്റെ രക്ഷണ്യപ്രവർത്തനമാകുന്ന ക്രൂശ്മരണ

ത്തിലൂടെയാണ് രക്ഷ സാധ്യമാക്കിയത്. അതിനായി സൃഷ്ടി കർമ്മത്തിൽ ദൈവത്തോട് ചേർന്ന് പ്രവർത്തിച്ച പുത്രനാം ദൈവം തന്റെ സ്വർഗ്ഗീയ സ്ഥാനം ഉപേക്ഷിച്ച് സൃഷ്ടിയായ മനുഷ്യനോട് പാപമൊഴികെ മറ്റെല്ലാത്തിലും ഏകീഭവിച്ച് ലോകത്തിലേക്ക് കടന്നുവന്നു. പാപംമൂലം തകർന്ന ലക്ഷ്യം പുതുവർഷത്തിലെ പ്രത്യേകതയെന്നത്, ദൈവിക വിശുദ്ധിയിൽ എത്താനുള്ള ത്വരയും, ദൈവഹിതത്തിനനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുവാനുള്ള സന്നദ്ധതയുമാകട്ടെ.

**ജനനപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ (29-12-2024) കുട്ടികൾക്ക് മാതൃകയായ യേശു (വി. ലൂക്കോസ് 2:39-52)**

ദൈവാലയത്തിലെ സമർപ്പണത്തിനും, കർമ്മാനുഷ്ഠാനങ്ങൾക്കും ശേഷം പന്ത്രണ്ടാം വയസ്സുവരെയുള്ള യേശുവിന്റെ വളർച്ചയുടെ ചരിത്രം ഇവിടെ വരച്ചു കാട്ടുന്നു. ഈ വളർച്ചയാണ് മറിയത്തിന്റെയും യൗസേഫിന്റെയും മകനായ യേശുവിനെ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവകുഞ്ഞാടായ ക്രിസ്തുവാക്കിയത്. ശാരീരികവും, മാനസികവും, ആത്മീകവുമായ വളർച്ച യേശുവിന് ലഭ്യമായി എന്നതാണ് ഇവിടുത്തെ ശ്രേഷ്ഠത. കുട്ടികളുടെ വളർച്ച എപ്രകാരമായിരിക്കണമെന്നുള്ള മാതൃക യേശുവിലൂടെ ദർശിക്കുന്നു.

**ദൈവസാന്നിദ്ധ്യബോധത്തിലുള്ള വളർച്ച**

ദൈവസാന്നിദ്ധ്യബോധത്തിലുള്ള വളർച്ചയാണ് യേശുവിന്റേതെന്ന് 46-ാം വാക്യം വ്യക്തമാക്കുന്നു. ദൈവസാന്നിദ്ധ്യത്തിൽ ജീവിക്കാനുള്ള വ്യഗ്രതയാണ് യേശുവിന്റെ മനോഭാവമെന്ന് പെരുന്നാളിന് ശേഷമുള്ള സംഭവങ്ങൾ വിവരിക്കുന്നു. ദൈവസന്നിധിയിൽ ആയിരിക്കുകയെന്നത് ലോകത്തിന്റെ സ്രഷ്ടാവായ ദൈവത്തിൽ സ്വയം അണഞ്ഞ് അവന്റെ ചാരെ ആയിരിക്കുന്നതാണ്. ദൈവത്തിന് സ്വയം കീഴ്പ്പെടുന്ന അനുഭവമാണ്. ഒരുവന്റെ ജീവിതത്തിൽ സർവ്വതും ദൈവമാകുന്നതാണിത്. മഹത്വവും പുകഴ്ചയും ബഹുമാനവുമെല്ലാം നൽകേണ്ടവന് നൽകുന്നതിനുള്ള ഒരുക്കമാണിത്. ദൈവം ജീവിത്തിലെ സകലത്തിന്റെയും ഉറവയാകയാൽ അവനിൽനിന്ന് ജീവിതത്തിൽ സകലവും നേടുന്നതാണിത്.

ദൈവസാന്നിദ്ധ്യബോധം വ്യക്തിയുടെ ആത്മിക വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്നു. ദൈവസാന്നിദ്ധ്യബോധം നമ്മെ ശക്തീകരിക്കുന്നു. അത് നമ്മെ വിശുദ്ധീകരണത്തിലേക്ക് നയിക്കുന്നു. ഒരോ നിമിഷവും ദൈവസാന്നിദ്ധ്യബോധത്തിലൂടെ ആത്മീക വളർച്ച നേടണമെന്ന് ഓർപ്പിക്കുന്നു. ദൈവസാന്നിദ്ധ്യബോധത്തോടുള്ള ജീവിതം ഒരു വെല്ലുവിളിയാണ്. ക്രിസ്തീയത അത് എപ്പോഴും ആവശ്യപ്പെടുന്നു. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഒരു നിമിഷംപോലും ദൈവത്തിൽ നിന്ന് അകന്നല്ല ജീവിക്കേണ്ടത് എന്നും ഇവിടെ ഓർപ്പിക്കുന്നു.

**മാതാപിതാക്കൾക്ക് കീഴടങ്ങി ജീവിക്കുന്ന യേശു**

യേശുവിന്റെ മറ്റൊരു പ്രത്യേകതയെന്നത് മാതാപിതാക്കൾക്ക് കീഴടങ്ങി ജീവിച്ചു. എന്നതാണ് (വാക്യം 50) മാതാപിതാക്കൾ ലോകത്തിൽ ദൈവത്തിന്റെ പ്രതിനിധികളാണ്. യേശു ദൈവമാണെങ്കിലും മാതാപിതാക്കൾക്ക് നൽകേണ്ട സ്ഥാനം നൽകണമെന്ന് തന്റെ ജീവിതത്തിലൂടെ യേശു പഠിപ്പിച്ചു. മാതാപിതാക്കൾ വളരെയേറെ അനുഭവസമ്പത്ത് ലഭിച്ചവരാണ്. അവരിൽനിന്ന് പോഷണം ലഭിക്കുന്നതിലൂടെ ഏതൊരാൾക്കും ധന്യത മാത്രമെ ലഭിക്കുകയുള്ളൂ. മാതാപിതാക്കൾക്ക് കീഴടങ്ങി യേശു ജീവിച്ചു എന്നത് അടിമത്തത്തിന്റെ അവസ്ഥയല്ല മറിച്ച് അവരെ ബഹുമാനിച്ച് അവരുടെ സന്നിധിയിൽ സമർപ്പിച്ചുകൊണ്ടുള്ള ഒരു ജീവിത ശൈലിയാണ് പ്രധാനിക്കുന്നത്. അതിന്റെ ഉദ്ദേശ്യമെന്നത് വ്യക്തിത്വത്തിന്റെ രൂപപ്പെടുത്തലാണ്. കുട്ടികളുടെ കീഴടങ്ങൽ അവരുടെ ചിന്താശക്തികളെയോ, ക്രിയാത്മകതയെയോ മുരടിപ്പിക്കുന്നില്ല മറിച്ച് അവയെ പോഷിപ്പിക്കാനുള്ള മുഖാന്തിരങ്ങളായി മാറ്റുമ്പോൾ യഥാർത്ഥ മാതാപിതാക്കൾ ആയി മാറാം.

ഓരോ വ്യക്തിയുടെയും രൂപപ്പെടലിലും, വളർച്ചയിലും മാതാപിതാക്കളുടെ പങ്കിനെയും പ്രാധാന്യത്തെയും ഇവിടെ അംഗീകരിക്കുന്നതോടൊപ്പം അതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു. മാതാപിതാക്കളുടെ അധ്വാനത്തിന്റെയും നന്മയുടെയും ബാക്കിപത്രമാണ് തലമുറകൾ എന്ന് തിരിച്ചറിയേണ്ടത് ആവശ്യമാണ്. ഓരോ കുട്ടിയേയും ദൈവം അനേകം സാധ്യതകളുടെ വിളനിലമായാണ് ഭൂമിയിലേക്ക് സമ്മാനിച്ചിരിക്കുന്നത്. അതിനെ പരിപോഷിപ്പിക്കുവാൻ കടപ്പെട്ടവരാണ് മാതാപിതാക്കൾ. ആ ഉത്തരവാദിത്വത്തിൽ നിന്ന് പിന്മാറുവാൻ ആർക്കും സാധ്യമല്ല എന്നതും ഓർക്കേണ്ടതാണ്. മാതാപിതാക്കളുടെ ഉത്തരവാദിത്വമെന്നത് എപ്പോഴും തങ്ങൾക്ക് ദൈവദാനമായി ലഭ്യമായ കുഞ്ഞുങ്ങളെ മറ്റൊരു ക്രിസ്തുവായി മാറ്റുക എന്നതാണ്. അതൊരു ദൈവനിയോഗമാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുക. അതിന്റെ സാക്ഷാത്ക്കാരമാണ് ജീവിതത്തിലൂടെ നേടിയെടുക്കേണ്ടത്.

ദൈവസാന്നിധ്യ ബോധത്തിൽ ജീവിച്ച് മാതാപിതാക്കൾക്ക് കീഴടങ്ങി ജീവിച്ച് ദൈവാനുഗ്രഹത്തെ നേടാനും കുട്ടികളെ ദൈവമുള്ളവരാക്കി വളർത്താനുള്ള വെല്ലുവിളി ഏറ്റെടുക്കാൻ മാതാപിതാക്കളെ പ്രചോദിപ്പിക്കുകയും ഈ വേദഭാഗം ചെയ്യുന്നു.

**ജനനപ്പെരുന്നാളിനുശേഷം രണ്ടാം ഞായർ (05-01-2025) വെളിപ്പാടുകളിലൂടെ വെളിപ്പെടുന്ന യേശു (വി. മത്താ. 2:19-23)**

യേശുവിന്റെ ജനനത്തോട് അനുബന്ധിച്ച് ഉളവാകുന്ന ദൈവിക കരുതലിന്റെ ചിത്രീകരണമാണ് ഈ ഭാഗം. രാജാവും യഹൂദന്മാരും യേശുവിന്റെ ജനനത്തെ അംഗീകരിക്കാതെ, അവനെ കൊല്ലാൻ പദ്ധതി തയ്യാറാക്കുന്നു. എന്നാൽ ദൈവം തന്റെ പദ്ധതിയിലൂടെ യേശുവിനെ അതിൽ നിന്ന് വിടുവിക്കുന്നു. ദൈവിക കരുതൽ ലഭിക്കുന്നത് പിതാവായ യൗസേഫിന് ദൈവത്തിൽ നിന്ന് ലഭിക്കുന്ന വെളിപ്പാടുകളിലൂടെയാണ്.

**ദൈവീക സംരക്ഷണം.** യേശുവിനെക്കുറിച്ചുള്ള ആദ്യത്തെ വെളിപ്പെടുത്തൽ നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവിക സംരക്ഷണം യേശുവിന് ലഭിച്ചു എന്നതാണ്. യേശുവിനെ നശിപ്പിക്കാനുള്ള പ്രവർത്തനത്തിൽ അവനെ സംരക്ഷിക്കേണ്ട ഭൗമിക രാജാവ് മുഴുകിയപ്പോൾ, നിത്യരാജാവായ യഹോവ തന്നെ തന്റെ തെരഞ്ഞെടുക്കപ്പെട്ടവന് സംരക്ഷണമാകുന്നു. ദൈവം തന്റെ പദ്ധതിയിലൂടെ മിസ്രയിമിലേക്ക് യേശുവിനെയും കുടുംബത്തെയും പാലായനം ചെയ്യിക്കുന്നു. യേശുവിന്റെ ദൗത്യം മിസ്രയീം ദേശത്തല്ല എന്നതുകൊണ്ട് അവനെ യിസ്രായേ ലിലേയ്ക്ക് തന്റെ പ്രവർത്തന ദൗത്യത്തിനായി ദൈവം തിരികെ കൊണ്ടുവരുന്നു. അവനെ ഇല്ലായ്മ ചെയ്യുവാൻ ഒരുങ്ങിയവർ മരിച്ചതുകൊണ്ട് ദൈവം പദ്ധതി പ്രഖ്യാപിക്കുന്നു. എന്നാൽ വീണ്ടും ദൈവപദ്ധതിപ്രകാരം യേശുവുമായി മാതാപിതാക്കൾ നസ്രെത്തിവന്നു പാർക്കുന്നത് ഇവിടെ രേഖപ്പെടുത്തുന്നു.

യേശുവിന് ലഭിച്ച ദൈവിക സംരക്ഷണം പ്രതിസന്ധിയെ പൂർണ്ണമായി ഒഴിവാക്കുകയല്ലായിരുന്നു. എന്നാൽ പ്രതി

സന്ധി മുമ്പിൽ തന്നെ ഉണ്ടായിരുന്നുവെങ്കിലും അതിനെ തരണം ചെയ്യാനായി ദൈവം പദ്ധതി തയ്യാറാക്കുന്നു എന്ന താണ് ഇവിടുത്തെ ശ്രേഷ്ടത. ദൈവിക സംരക്ഷണത്തിന്റെ വലിയ മാതൃക ഇവിടെ ദർശിക്കുന്നു. വിശ്വാസിയുടെ ജീവിതമെന്നത് പ്രതിസന്ധിയോ, ഭാരമോ ഇല്ലാത്തതായിരിക്കുമെന്നല്ല പിന്നെയോ, അതിനെ തരണം ചെയ്ത് മുന്നേറാനുള്ള ദൈവിക കൃപ ലഭിക്കുമെന്നാണ് വിശ്വാസിയെ പ്രത്യാശയുടെ തോണിയിൽ ജീവിത ദൂരങ്ങൾ താണ്ടാൻ പ്രാപ്തനാക്കുന്നത്.

**പ്രവചന പൂർത്തീകരണം**

രണ്ടാമതായി ഈ വേദഭാഗത്തിൽ യേശുവിനെക്കുറിച്ച് വെളിപ്പെടുത്തുന്നത്, യേശു പ്രവചനപൂർത്തീകരണമായി ഭൂമിയിൽ അവതരിച്ചു എന്നാണ്. ഇത് സൂചിപ്പിക്കുന്നത് യേശുവിന്റെ ജനനം ആക്സമികമല്ല. എന്നാൽ ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തിന്റെ ആദമ്യമായ പ്രതിഫലനമാണ് വെളിവാക്കുന്നത്. യേശു ഭൂമിയിൽ അവതരിച്ചത് പഴയ നിയമങ്ങളുടെ പൂർത്തീകരണമായാണ്. പഴയ നിയമത്തിൽ പ്രവചനങ്ങളിലൂടെ വെളിപ്പെട്ടവൻ, മനുഷ്യനായി അവതരിച്ചിരിക്കുന്നു. അത് മനുഷ്യരക്ഷ സാധ്യമാക്കാനായിട്ടാണ്. ദൈവം വാഗ്ദാനങ്ങളുടെ മാത്രം ദൈവമല്ല എന്നും അവൻ നിറവേറ്റൽ പൂർത്തീകരിക്കുന്നവനുമാണ് എന്ന് ഇവിടെ ഓർമ്മിപ്പിക്കുന്നു.

വിശ്വാസിയെ സംബന്ധിച്ചിടത്തോളം പ്രതീക്ഷകളുടെ പൂവണിയലിന്റെ ഉറവിടം ക്രിസ്തു ആണെന്ന സത്യം വെളിപ്പെടുത്തുന്നു. അതിനാൽ ദൈവത്തിലുള്ള പ്രത്യാശയോടെ ജീവിതത്തെ വഴി നടത്തണമെന്ന് ഇവിടെ ഓർമ്മിപ്പിക്കുന്നു.

വിശ്വാസിയുടെ ജീവിതത്തെ സംരക്ഷിക്കുന്നതും, വിശ്വാസിയുടെ പ്രത്യാശയുടെ ഉറവയും ദൈവമാകയാൽ അവനിലുള്ള വിശ്വാസത്തിൽ നിലനിൽക്കുക നമ്മുടെ ദൗത്യമായി ഏറ്റെടുത്ത് ജീവിതത്തിൽ മുന്നേറാം.

**ദനഹാപെരുന്നാളിനുശേഷം ഒന്നാം ഞായർ**

**12-01-2025 (വി.മത്തായി 4:12-22)**

**യേശുവിന്റെ വിളിക്കനുസരിച്ച് പ്രതികരിക്കുക**

ക്രിസ്തീയ ശിഷ്യത്വത്തിന്റെ ആദ്യത്തെ ശ്രേഷ്ഠതയെന്നത് അത് യേശുവിന്റെ വിളിക്കനുസരിച്ച് പ്രതികരിക്കുന്നതാണ് എന്നതാണ്. അത് യേശുവുമായുള്ള കൂട്ടായ്മയിലേക്കുള്ള ക്ഷണമാണ്. ആ കൂട്ടായ്മയിലേക്ക് എത്തണമെങ്കിൽ യേശുവിനെ അനുഗമിക്കണം. അതാകട്ടെ ഓരോരുത്തരും സ്വയമായി നിവൃത്തിക്കേണ്ട ഒരു കർത്തവ്യവുമത്രെ. അനുഗമിക്കുന്നത് യേശുവാകുന്ന സുവിശേഷത്തെ അംഗീകരിച്ച് അവനെ അനുധാവനം ചെയ്യുന്നതാണ്. അനുഗമിക്കുന്ന യേശുവാകട്ടെ ലോകത്തിന്റെ ഉടയവനും സ്രഷ്ടാവും, മാതൃകാപരമായ പ്രവർത്തനങ്ങൾ അവശേഷിപ്പിക്കുന്ന ഗുരുവും, തന്നിൽനിന്ന് പ്രകാശത്തെ ലോകത്തിന് സമ്മാനിക്കുന്നവനുമാണ്. യേശുവിനെ അനുഗമിക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്.

യേശുവിനെ അനുഗമിക്കുന്നതിലൂടെ ശിഷ്യർ ഒരു രൂപപ്പെടലിന്റെ അവസ്ഥയിലേക്ക് എത്തുന്നു. ഗുരുവും, നാഥനും ദൈവവുമായി മനസ്സിലാക്കി അവനിൽ അകൃഷ്ടനായി, അവന്റെ കല്പനകൾ ആചരിക്കുവാൻ തക്കവിധം യേശുവിന്റെ ആഹ്വാനത്തിനനുസരിച്ച് രൂപം പ്രാപിച്ച ഒരു കൂട്ടമാണ് ശിഷ്യരുടെ സമൂഹം.

**ക്രിസ്തുവിനായി ജീവിക്കുക**

ക്രിസ്തീയ ശിഷ്യത്വത്തിന്റെ മറ്റൊരു പ്രത്യേകത അത് 'ക്രിസ്തുവിനായി ജീവിക്കുന്നതാണ്' എന്നതാണ്. യേശു ശിഷ്യരാക്കുവാൻ അവരെ വിളിച്ചപ്പോൾ തങ്ങളുടെ തൊഴിലും തങ്ങൾക്കുള്ള സകലത്തെയും നിസാരമെന്ന് എണ്ണി അവന്റെ ശിഷ്യരായി എന്നാണ് 22-ാം വാക്യം സൂചിപ്പിക്കുന്നത്. വിളി ലഭിച്ച ഉടൻതന്നെ അവർ പ്രവർത്തിച്ചു എന്നത് അവരുടെ പ്രത്യേകതയാണ്. ലൗകികമായ പ്രാധാന്യങ്ങളെല്ലാം മാറ്റിവച്ചുകൊണ്ട് യേശുവിന് പ്രാധാന്യം നല്കാനുള്ള ആഹ്വാനമാണ് ഉണ്ടാക്കുന്നത്.

ശിഷ്യരുടെ ജീവിതത്തിൽ കാണുന്നത് ഭൗതികമായ ബന്ധങ്ങൾക്ക് എല്ലാം പ്രാധാന്യം കുറച്ചുകൊണ്ട് യേശുവിനുവേണ്ടിയും, യേശു പ്രസംഗിച്ച ദൈവരാജ്യത്തിനുവേണ്ടിയും തങ്ങളെത്തന്നെ രൂപാന്തരപ്പെടുത്തി ജീവിതത്തിൽ മാറ്റം വരുത്തിയത് നമുക്ക് മാതൃക്കയാകണം. യേശുവിന് ജീവിതത്തിൽ പ്രാധാന്യം നല്കി ജീവിക്കുന്ന ഒരു അനുഭവത്തിനായുള്ള ത്വരയാണ് ക്രിസ്തീയ വിശ്വാസത്തെ പ്രത്യേകതയുള്ളതാക്കുന്നത്.

ക്രിസ്തീയ ശിഷ്യത്വത്തിന്റെ ശ്രേഷ്ഠതയെന്നത് യേശുവിന് പ്രാധാന്യം നല്കി, അവന്റെ ആഹ്വാനത്തിന് അനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുന്നതാണ്. അതിലൂടെ യേശുവാകുന്ന സുവിശേഷത്തിനുവേണ്ടി ജീവിതത്തെ ഒരുക്കുന്നതാണ്. ആ ഉദ്യമത്തിൽ പങ്കാളികളായി തീരാൻ ശ്രമിക്കാം. ●

## സൺഡേസ്ക്കൂൾ ദിനാഘോഷം




ക്നാനായ സൺഡേസ്ക്കൂൾ സമാജം ചിങ്ങവനം ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ 01-12-2024 ഞായറാഴ്ച സൺഡേസ്ക്കൂൾ ദിനാഘോഷവും സൺഡേസ്ക്കൂൾ ദിനറാലിയും നടത്തി. സമാപനസമ്മേളനം സമുദായമെത്രാപ്പോലീത്ത അഭി.കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി വികാരി റവ. ഫാ. എം.സി. സ്ക്കറിയാ മധുരംകോട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനത്തിൽ ക്നാനായ സൺഡേസ്ക്കൂൾ സമാജം ഡയറക്ടർ റവ.ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടകംപള്ളിൽ, റവ.ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്, റവ.ഫാ. തോമസ് ജേക്കബ് ആഞ്ഞിലിമൂട്ടിൽ, റവ. ഫാ. മെറ്റോ ജേക്കബ് വെട്ടിപ്പറമ്പിൽ, ചിങ്ങവനം ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ശ്രീ. ബിനോ പി. ഏലിയാസ് പാറക്കുളം, സെക്രട്ടറി ശ്രീ. സജി റ്റി. തോമസ് തെക്കേകരോട്ട് എന്നിവർ പ്രസംഗിച്ചു.

# DEIFICATION ←→ SALVATION

**Fr. Bibin Baby, Thirunilam**

Are you saved...?

Members of the Holy Apostolic Church often face this question as "the greatest crisis of their lives." The questioners, on the other hand, growl like a wolf in front of helpless prey. Soon the next question was followed by a gentle guidance.

*"There is no point in singing and chanting like this and blowing incense with the Qurbana..? So, Come with us.... We will save you..."*

Many people have fallen prey to the kind of wolves mepalati they have not embraced the straightforward (Ortho Doxa) and true teachings of the Holy Church about salvation. It is the need of the hour to analyse, in short, the Church's view of salvation. The name "Orthodox Faith" itself means Straight or true faith. It is the unequivocal declaration of the church that there is no doubt about the plan of salvation or the doctrines of the faith. Our liturgy and worship itself are its interpretation and celebration.

The Orthodox theology differentiating it from the rest of Christendom is its **understanding** of salvation. In Orthodoxy, the view of salvation is an ongoing process of purification that reaches beyond this world into eternity. Throughout this process, we participate in the life of the Church and its sacramental and liturgical life. Which is the foretaste of salvation. We receive Holy Confession, Holy Qurbono, and attempt to love God with our whole heart, strength, soul, and mind. This helps us become more and more like Jesus Christ in His Holiness. Thus, Orthodoxy refers to this process of salvation as theosis or deification.

Deification / Theosis is the process by which a Christian becomes more like God or grows to His holiness which we had before the fall in Eden. St. Peter speaks of this process when he writes, "As His divine power has given to us all things that pertain to life and Godliness . . . you may be partakers of the divine nature" (2 Peter 1:3-4).

Deification doesn't mean we become literal Gods. When the Church calls us to pursue godliness – to become more like God – this does not mean we then become like God in His nature; this is impossible. We are human, always have been, and always will be. Thus, we cannot take on the nature of anything else, especiallythat of God, which is utterly unknowable to us.

According to the Orthodox faith, deification is our becoming more like God through His grace. In creation, humans were made in the image and likeness of God (Gen. 1:26) according to human nature. In other words, all of humanity by nature is an icon or image of God. From the beginning, we were meant to share in the Life of the Holy Triune God. Through sin, however, we lost the "robe of glory" (Gen.3:7) and lost the image of God (Imago Dei).

Christ's Incarnation fully restores all of humanity toits full potential because He took to Himself our entire human nature. In Christ, the two natures of God and man are no longer two but one; thus, there is a perfect union in Christ, between all of humanity and God. Through union with Christ,



we too can experience that perfect communion.

We can become by grace what God is by nature (St. Athanasius of Alexandria) and can become children of God (John 1:12). That is salvation. That is what it means to be saved.

A helpful illustration of Deification/Theosis is the sword and fire example. Imagine a steel sword thrust into a fire. It remains there until it takes on a red glow. The energy of the fire interpenetrates the sword, but the sword never becomes the fire itself. Instead, it merely takes on the properties of the fire. This is clearly explained in our Liturgy

*"So that we may become like Him.... He became just like us."* (Sleebo Morning prayer)

Similarly, the divine energies interpenetrate our human nature through Christ's glorified flesh. Nourished by the body and blood of Christ in the Holy Eucharist, we partake of the grace of God – His strength, His righteousness, and His love.

We are enabled to serve and glorify Him and to live the life He asks of us. Thus, we are being deified, yet remain human. We are becoming like God and attaining salvation. So that, Salvation to the Orthodox Church is the process of deification or becoming more like God. This view of salvation was the faith of the early Church and continues to be preserved in the Life of the Church to this day. May we too, be able to reach the harbor of salvation through a life of holy worship by embracing this glorious mystery. Let us prepare for Christmas, the celebration of God's love and human salvation with the right faith in our hearts. ●

## ക്നാനായ സമുദായം വിദ്യാഭ്യാസ മേഖലയിൽ

ആഗോള മലങ്കര സുറിയാനി ക്നാനായ സമുദായത്തിലെ കലാകായിക രംഗത്ത് മികവ് തെളിയിച്ച പ്രതിഭകളെ ആദരിക്കുന്ന സമ്മേളനം ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് മന്ത്രി വി. എൻ വാസവൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൽ എം. എൽ.എ., ജോബ് മൈക്കിൾ എം.എൽ.എ., സമുദായ സെക്രട്ടറി റ്റി.ഒ.ഏബ്രഹാം തോട്ടത്തിൽ, ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, ട്രസ്റ്റി റ്റി.സി.തോമസ് തോപ്പിൽ, ഫാ.എം.സി. സ്ക്കറിയ മധുരംകോട്ട്, തോമസുകുട്ടി മറ്റയ്ക്കാട്ട്, തോമസുകുട്ടി തേവരുമുറി, രഞ്ജു കോഴിമറ്റം, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു വരാത്ര, റ്റിജു തോട്ടുപുറത്ത്, ജോബി കാരിക്കോട്ട് എന്നിവർ പ്രസംഗിച്ചു.

## Nazareth Asramam, Othera

01/09/2024 to 31/11/2024

**Feast**

| | |
|---|---|
| Lions Club, Ranny | Rs. 5000 |
| K C Biji, Keelathara, Mazhukzeer | 5000 |
| Sruthymol MR, Melakuttu, Vallamkulam | 5000 |
| Aswin Mathew,Thoppil,Thiruvanvandoor | 5000 |
| Beena Johnson, Pananthodathil,Kuriyanoor | 5000 |
| Vanitha Samajam, Ittiyapara, St Marys Kurissupally | 5000 |

**Donation**

| | |
|---|---|
| Sebha Abraham, Puthuchirayil, Ranny | 5000 |
| Tijo Mathew, Maliyil, Mannar | 3000 |
| Roy Mathew, Chandrathil,Thiruvanvandoor | 5000 |
| Sanoj Kurian, Nayckamadathil Thoppil,KTM | 10000 |
| Vijayakumari, Renjith Bhavan,Vallamkulam | 500 |
| Pretty Prasannan, Peniyel, Chenganoor | 2000 |
| Austin Abraham, Kakkuzhiyil, Ranny | 6000 |

**Sponsorships**

Tony Jacob Cheriyamoozhiyil, Ranny Rs 7500

**Smiju Jacob Mattakkattu**
Secretary, 9446079420

**To make your contributions :**

Account Details
M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera
IFSC : FDRL0001729
MICR Code : 689049203


**സ്ഥലം വില്പനയ്ക്ക്**

**ചിങ്ങവനം M.C. Road- ൽ**
**Fine Bakery-ക്ക് സമീപം 6 സെന്റ്**
**For Sale. Ph. 09633103033**




നദിക്കരയിൽ വലിയ ഒരു ഓക്കുവൃക്ഷമുണ്ട്. കാറ്റും മഞ്ഞും മഴയും പല തവണ ആ വഴി കടന്നുപോയി. എന്നിട്ടു അനേകം നൂറ്റാണ്ടുകളായി അത് അവിടെ നിൽക്കുന്നു.

എന്നാൽ ഇത്തവണത്തെ പെരുമഴയോടൊപ്പം അതിഭയങ്കരമായ ഒരു കൊടുംകാറ്റും ഉണ്ടായി. പല കൂറ്റൻ മരങ്ങളും കടപുഴകി വീണു. കൂട്ടത്തിൽ ശക്തനായ ഓക്കുവൃക്ഷവും നിലംപതിച്ചു.

കാറ്റ് കടന്നുപോയി. മലവെള്ളം ഇറങ്ങിപ്പോയി. ശാന്തമായ ആ പ്രകൃതിയിൽ, നദിക്കരയിൽതന്നെയുള്ള ഇളം ചൂരൽ കൂട്ടങ്ങൾ ഇളകിച്ചിരിക്കുന്നതുകണ്ട് ഓക്കുവൃക്ഷം അത്ഭുതപ്പെട്ടു.

'നൂറ്റാണ്ടുകളായി ഞാൻ ഇവിടെ കഴിയുന്നു. ഇതുവരെ ഇത്ര വലിയ ഒരു കാറ്റുണ്ടായതായി എനിക്ക് ഓർമ്മയില്ല. ശക്തനെന്നു കരുതിയ ഞാൻപോലും വീണുപോയി. പക്ഷേ നിങ്ങൾ ഇപ്പോഴും ഭൂമിയിൽ ഉറച്ചുനിൽക്കുന്നുണ്ടല്ലോ! എന്താണ് അതിന്റെ കാരണം?

'ഓരോ വലിയ കാറ്റു വരുമ്പോഴും താങ്കൾ ആഴത്തിൽ വേരോടിച്ചു കാറ്റിനെതിരെ തലയുയർത്തി നിൽക്കുകയാണ് ചെയ്യുന്നത്' ചൂരൽക്കൂട്ടം പറഞ്ഞു; ഞങ്ങളാകട്ടെ കാറ്റിന്റെ ശക്തി കൂടുംതോറും ശരീരം വളച്ചും തലകുനിച്ചും വിനയത്തോടെ നിൽക്കുന്നു. കാറ്റ് ഞങ്ങളെ തഴുകി കടന്നുപോവുകയും ചെയ്യുന്നു.

*വലിയ ആപത്തുകളെ വിനയംകൊണ്ടു മറികടക്കാം* ●

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ശമുവേൽ ഒന്നാം പുസ്തകത്തിൽനിന്നും**

**ഡിസംബർ മാസത്തിലെ ചോദ്യങ്ങൾ**

1. എല്ക്കാനയുടെ സ്വദേശം ഏത്?
2. എല്ക്കാനയുടെ ഭാര്യമാർ ആരെല്ലാം?
3. 'എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നിരിക്കുന്നു" എന്നു പറഞ്ഞവൾ ആര്?
4. നീചന്മാരും യഹോവയെ ഓർക്കാത്തവരും ആയിരുന്ന പുത്രൻമാരുണ്ടായിരുന്ന പുരോഹിതൻ ആര്?
5. പഞ്ഞിനൂൽ കൊണ്ടുള്ള അങ്കി ധരിച്ചു യഹോവയുടെ സന്നിധിയിൽ ശുശ്രൂഷ ചെയ്ത ബാലൻ ആര്?
6. ഏലി പുരോഹിതന്റെ ആയുഷ്ക്കാലം എത്ര?
7. സമൂഹമായി മൂലരോഗം ഉണ്ടായതെവിടെ?
8. ശൗലിന്റെ ഗോത്രം ഏത്?
9. പ്രവാചകനു പണ്ട് പറഞ്ഞിരുന്ന പേര് എന്ത്?
10. ദാവീദ് ഒളിച്ചിരുന്ന ഗുഹ ഏത്?

**നവംബർ മാസത്തിലെ ഉത്തരങ്ങൾ**

**രൂത്തിന്റെ പുസ്തകം**

1. ബേത്‌ലഹേം (1:1–2)
2. നൊവൊമി (1:2)
3. ഏകദേശം 10 വർഷം (1:4)
4. മാറാ (1:20)
5. യവക്കൊയ്ത്തിന്റെ കാലം (1:22)
6. ബോവസ് (2:1)
7. റാഹേൽ, ലേയ (4:11)
8. രൂത്ത് (4:15)
9. ഓബേദ് (4:17) അഥവാ (ഊബീദ്)
10. സല്മോൻ (4:21)

## Bible Quiz (English) For Children December - The Book of Genesis

1. Who was the first son of Adam and Eve?
2. Who was the second son born to Adam and Eve?
3. When Cain went out of the Lord's presence, he went to live in?
4. Who was Cain and Abel's brother?
5. Who was Methuselah's father?
6. What is mentioned twice about Enoch?
7. Methuselah lived how many years?
8. God told North to build?
9. How old was Noah when the flood began?
10. What are the first Five Books of the Bible called?



## 40 – ാം ചരമദിനം

**15 – 12 – 2024**

# ശോശാമ്മ ജോസഫ്

### വേലംകടവിൽ, കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
ഞങ്ങളുടെ സ്വന്തം മമ്മി

Husband : Late V.C. Joseph
Daughters : Heeno Abraham (Manu),
Jeeno Jacob (Manju)
Son in Law : Abraham T.K. (Kochumon) UK,
Thevaruzhathil, Kallissery
Late V.S. Jacobkutty, Vazhoothra, Kurichy
Grand Children : Amal & Leelu, Joel, Dr. Elma, Neha, Abijoe
Great Grand Child : Lilibeth (Thakku)

Advt - G



20/12/2024

## 40th Day of Demise

### Mathew Kuruvilla (Saju) 64

**Kannampuram**
***Paints & Hardware***
Chingavanam

" ഞാൻ നിങ്ങളിൽ നിന്നും അകന്നുപോയെങ്കിലും എന്റെ
സ്നേഹം എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ
നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ. "

*By Sorrowing Family*

Advt - O

## 22nd Death Anniversary

**27-12-2024**



Advt - O

## Rev. Fr. Abraham Thomas

**Valiyaveettil Padickal, Vallamkulam**

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

By Sorrowing Family

## 13th Birthday in Heaven

**23-12-2024**



Advt - R

## Vijaya Abraham

**Vinod Bhavan**

**Vazhappally, Changanacherry**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

പ്രാർത്ഥനയോടെ Edwin Abraham (Son)

സന്തപ്ത കുടുംബാംഗങ്ങൾ



## 3 – ാം ചരമവാർഷികം

**30-12-2024**

## M. C. ABRAHAM

(കുഞ്ഞവറാച്ചൻ)

**Manjumankal, Angadi, Ranni**

Advt - O

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 32nd Death Anniversary

01-12-2024



# K.C. JOSEPH

(Senior Civil Police Officer)

**KANJIRAPPALLIL HOUSE, PARUTHUMPARA**

By Sorrowing Family

Advt -R

## 12-ാം ചരമ വാർഷികം

26-12-2024



Advt - S

# ചിന്നമ്മ തോമസ്

ഇടയാടിയിൽ, ഐത്തല, റാന്നി

| | | |
|---|---|---|
| ഭർത്താവ് | : | Abraham Thomas |
| മക്കൾ | : | Lovely, Biju, Shiney, Binu |
| മരുമക്കൾ | : | Sajan, Priya, Sanjayan, Smitha |
| കൊച്ചുമക്കൾ | : | Elvis, Edvin, Sherin, Angel, Arnold, Edric, Eric |



## ഞങ്ങളിൽ നിന്നും വേർപിരിഞ്ഞിട്ട് ഇന്നേയ്ക്ക് ഏഴാംവർഷം

25-12-2024

# മറിയാമ്മ ബേബി

കോന്ത്യാപറമ്പിൽ

Advt -S

Inserted by

**കോന്ത്യാപറമ്പിൽ ലേഡീസ് സ്റ്റോർ & സ്റ്റേഷനറി, ഗിഫ്റ്റ് & ഫർണിച്ചർ രാമങ്കരി**

## 5 – ാം ചരമവാർഷികം
19 – 12 – 2024



## പി.കെ. മാത്യു
(ബേബി ആനിയ്ക്കൽ)

## 22 – ാം ചരമവാർഷികം
08 – 12 – 2024



## ശോശാമ്മ കുര്യൻ

ആനിയ്ക്കൽ പുതുപ്പറമ്പിൽ, വാകത്താനം
(Amson Group)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ...

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 13 – ാം ചരമവാർഷികം
5 – 12 – 2024



## മറിയാമ്മ ചാക്കോ
കോയിത്ര, കുറിച്ചി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 15 – ാം ചരമവാർഷികം
18 – 12 – 2024



## പി.ഐ. മാത്തുക്കുട്ടി

## 3 – ാം ചരമവാർഷികം
18 – 12 – 2024



## ഏലിയാമ്മ മാത്തുക്കുട്ടി

പാറയ്ക്കാമണ്ണിൽ, കറ്റോട്

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 2 – ാം ചരമവാർഷികം

15 – 12 – 2024



# C.T. JOSEPH

**(Rtd. Dy. Collector)**

**Chirayil Peedika Jose villa,**
**Puthenangadi, Kottayam**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

സ്നേഹസ്മരണയ്ക്ക്

## 13 – ാം ചരമവാർഷികം

01 – 01 – 2025



# തങ്കമ്മ ഏബ്രഹാം

**വള്ളംകുളത്തായ വേലുകിഴക്കേതിൽ, റാന്നി**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---



പറുദീസയിലെ 7 – ാം വർഷം

06 – 12 – 2024

# വിനു കുര്യൻ ജേക്കബ്

**താഴ്ചയിൽ, കുറ്റൂർ**

മാനത്തെ വെള്ളിത്തേരിലുറങ്ങും മാലാഖപ്പൂമുത്തേ
മാനത്തിരുന്നൊരു പൊൻമുത്തമേകിടാൻ
താഴോട്ടു നോക്കിടുമോ? നീ
താഴോട്ടു നോക്കിടുമോ?
മുത്തുകൾകൊണ്ടു പണിഞ്ഞൊരു വീട്
സ്വർഗത്തിലിന്നില്ലേ? നിന്റെ
അമ്മയാം മേരിയും യൗസേഫുമിന്ന്
കൂട്ടിനിരിപ്പില്ലേ? നിന്റെ
കൂട്ടിനിരിപ്പില്ലേ?.....

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*



## 55 – ാം ചരമവാർഷികം

22 – 12 – 2024

# തകിടിയിൽ യാക്കോബ് കശ്ശീശ

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Inserted by

**സെന്റ് മേരീസ് ശാലേം പള്ളി,**
**ചിങ്ങവനം**

Advt - G



## 3Rd DEATH ANNIVERSARY

12-12-2024

# SOMAN JACOB

Kavanal, Trivandrum

Jacob's Engineering Works

*"I am the resurrection and the life*
*He who believes in me will live,*
*Even though He dies"*

*John 11:25*

SORROWING FAMILY

Advt - G

# THIRD BIRTHDAY IN HEAVEN

## 29 DECEMBER 2024, SUNDAY

K C Abraham (Kunjavarachen)
Kallamparambil, Ranni



Dear Appa,

Your life was a blessing, your memory a treasure, you are loved beyond words and missed beyond measure. Can't wait to see you again at the heavenly shore.

Loving Family

Advt - S

## 40th Day of Demise
10th Dec 2024



**KK Kurian (Raju)**
Thyparampil
Veliyanadu / Kurichy

അബ്രഹാമ്യ മടികളിൽ വീണ്ടും കാണാം എന്ന
പ്രത്യാശയോടെ കുടുംബാംഗങ്ങൾ

Advt - O

## വേർപാടിന്റെ 40 – ാം ദിവസം
(23/12/2024)



**സുജ മോൻസി (52)**
തട്ടാരുമണ്ണിൽ (H), ഇരവിപേരൂർ

"ഞാൻ നല്ല പോർ പൊരുതി. ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും."
2 തിമൊഥെയോസ് 4, 7 – 8

ഒരിക്കലും മരിക്കാത്ത ഓർമകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
മോൻസി തോമസ് (Husband) സ്റ്റെഫോ മോൻസി (Son)
മറ്റു സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## പാവനസ്മരണയ്ക്ക്

**15 – ാം ചരമവാർഷികം**
20 – 01 – 2025



**എ. പി. ഏബ്രഹാം**
(റിട്ട. എ. റ്റി. ഒ)

**2 – ാം ചരമവാർഷികം**
1 – 12 – 2024



**കുഞ്ഞൂഞ്ഞമ്മ ഏബ്രഹാം**
(റിട്ട. ടീച്ചർ)

ഇടശ്ശേരിയത്ത്, ചിങ്ങവനം

സ്നേഹസ്മരണകളോടെ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -G

# ഈ സമുദായം എങ്ങോട്ട്? ഒരു സാധാരണക്കാരന്റെ ചോദ്യം

റജി ജേക്കബ് പുളിക്കാവിൽ, ഇരവിപേരൂർ
(അസ്സോ. മെമ്പർ)

ഇതിനുമുമ്പ് പ്രസിദ്ധീകരിച്ച എന്റെ ലേഖനത്തിന്റെ പുനഃർചിന്ത ആണ് താഴെ കുറിക്കുന്നത്.

ഒരു ക്നാനായക്കാരനായി ജനിച്ചതിൽ നമ്മൾ അഭിമാനിക്കുന്നു. ക്നാനായക്കാരായ മാതാപിതാക്കളിൽ ജനിച്ച മക്കൾക്ക് മാത്രമേ ഈ അഭിമാനത്തിന് അർഹതയുള്ളൂ. അല്ലാതെ കർമ്മം കൊണ്ടോ പ്രവർത്തി കൊണ്ടോ ആർക്കും ക്നാനായക്കാർ ആകുവാൻ സാധിക്കുകയില്ല. ഒരു ക്നാനായക്കാരനായി ജനിച്ച് ആദിമ വിശ്വാസം അവസാനത്തോളം മുറുകെ പിടിച്ച് പിതാക്കന്മാരുടെ പാത പിൻതുടരുവാനല്ലേ നമ്മൾ ശ്രമിക്കേണ്ടത്. ഇത്രയും പറഞ്ഞത് നമ്മളിൽ നിന്നും മാറിപ്പോകുന്ന നമ്മുടെ സഹോദരങ്ങളെക്കുറിച്ചാണ്.

ആദിമ വിശ്വാസം അവസാനത്തോളം മുറുകെ പിടിച്ചാൽ നാം ക്രിസ്തുവിൽ പങ്കാളികൾ ആയിരിക്കുന്നുവല്ലോ (എബ്രായർ 3:14) എന്ന വചനം ചെവിക്കൊള്ളുകയും മറിച്ച് സ്വന്തം പാരമ്പര്യത്തേയും ജനിച്ചുവളർന്ന സമുദായത്തേയും ആണ് ഇക്കൂട്ടർ വഞ്ചിക്കുന്നത്. അതുകൊണ്ട് നമ്മുടെ സമുദായം അന്യംനിന്നു പോകുവാൻ നാം അനുവദിക്കണമോ എന്ന് ഓരോ ക്നാനായക്കാരനും ചിന്തിക്കേണ്ട സമയം ആണ് ഇത്.

വി.പൗലോസ് ശ്ലീഹ നമ്മെ പഠിപ്പിച്ചത് എന്താണ്.
"നിങ്ങളെ ഞങ്ങളറിയിച്ചതൊഴികെ
ഇങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലും ആ ദൂതൻ
താനേല്ക്കും സഭയിൻ ശാ-പം" (ഗലാ. 1:8). ഇങ്ങനെ വരുന്നവരെ എന്തിന് വീട്ടിൽ കയറ്റണം എന്ന് ആലോചിക്കുന്നത് നന്നായിരിക്കും.

ഈ കൂട്ടർ നമ്മേ എന്താണ് പഠിപ്പിക്കുന്നത്. ലോകരക്ഷിതാവായ യേശുവിന്റെ ജനനം, കഷ്ഠാനുഭവം, മരണം എല്ലാം ഇവർ ആചരിക്കാറുണ്ടോ? യേശുക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' ഇവർ ചൊല്ലാറുണ്ടോ? വി. അമ്മയുടെ മദ്ധ്യത്ഥത ഇവർ അംഗീകരിക്കാറുണ്ടോ? ഒരു വാക്യം എടുത്ത് യാഥാർത്ഥ്യം മാറ്റിവച്ച് അവർക്ക് തോന്നുന്നതുപോലെ വ്യാഖ്യാനിക്കുകയാണ്? ഇവർ ചെയ്യുന്നത് സ്ത്രീയേ എനിക്കും നിനക്കും എന്ത്? (യോഹ.2:14) എന്ന് പറയുമ്പോൾ അമ്മയ്ക്കും ആയി മകന് ഒരു ബന്ധവും ഇല്ല എന്നിവർ സ്ഥാപിക്കുന്നു. എന്നാൽ അടുത്തവാക്യം ഇവർ വിസ്മരിക്കുന്നു. 'എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല' അതിന്റെ അർത്ഥം എനിക്ക് അത്ഭുതങ്ങളെ പ്രവർത്തിക്കുവാനുള്ള സമയം ആയിട്ടില്ല എന്നല്ലേ. എന്നാൽ അമ്മയുടെ വാക്കുകേട്ട് അനുസരിച്ചപ്പോൾ അല്ലേ കർത്താവിന്റെ ആദ്യ അത്ഭുതം നടക്കുന്നത്. അപ്പോൾ അമ്മയും ആയിട്ടുള്ള മദ്ധ്യസ്ഥത അല്ലേ അവിടെ നടക്കുന്നത്. അങ്ങനെ പറയുമ്പോൾ അമ്മയും മകനും തമ്മിൽ യാതൊരു ബന്ധവും ഇല്ല എന്ന് പറയുവാൻ സാധിക്കുമോ? അമ്മയുടെ മദ്ധ്യസ്ഥത അംഗീകരിക്കാത്ത ഇക്കൂട്ടർ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് മദ്ധ്യസ്ഥതയല്ലേ.

